ദി ഡിഫെൻഡർ

Vol. No. 10 Issue No. 3 RNI Reg. No. 68089 / 97 Published From Perumbavoor 2007 FEBRUARY 1 Price: Rs.100/- P.A.

# ടി.എസ്.ഏബ്രഹാം നിലവിളക്ക് കൊളുത്തി



ഐ.പി.സിയിലെ ഏറ്റവും വലിയ നേതാവായ ടി.എസ്. ഏബ്രഹാം നിളവിളക്ക് കൊളുത്തി. സംശയമുള്ളവർ മലയാള മനോരമയുടെ (കോട്ടയം എഡിഷൻ) ജനുവരി 24 ലക്കം പേജ് 21 നോക്കുക. മുകളിൽ കാണുന്ന ഫോട്ടോ സഹിതം വാർത്ത വായിക്കാം. മനോരമയിൽ ഫോട്ടോയുടെ അടിക്കുറിപ്പായി ഇപ്രകാരം കാണുന്നു: ''വൈ.എം.സി.എ. സംസ്ഥാന ജൂബിലി എക്യൂമെനിക്കൽ സംഗമം മാരാമണ്ണിൽ ഡോ. ഗീവർഗീസ് മാർ കൂറിലോസും ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ഓക്സിലറി പ്രസിഡന്റ് പാസ്റ്റർ ടി.എസ്.ഏബ്രഹാമും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു''. പങ്കെടുത്തവരുടെ പേരു വിവരവും അടിക്കുറിപ്പിലുണ്ട്.

സംഗതി ഒന്നാംതരം ആയിരിക്കുന്നു എന്ന് പറയാതെ വയ്യ. മഹതിയാം ബാബിലോൺ എഴുതിയ കെ.ഇ.ഏബ്രഹാമിന്റെ പുത്രൻ നിലവിളക്ക് കൊളുത്തുന്നിടം വരെ എത്തി എന്നത് ചെറിയ കാര്യമല്ലല്ലോ.

ടി.എസ്.ഏബ്രഹാം ചെയ്തത് തെറ്റല്ല എന്ന് വ്യാഖ്യാനിക്കാൻ ആളുണ്ടാകും എന്നറിയാം. വിളക്ക് പ്രകാശത്തിന്റെ പ്രതീകമാണെന്നും വിളക്ക് കൊളുത്തി തണ്ടിൻമേൽ വെയ്ക്കുന്നതിനേക്കുറിച്ച് യേശുക്രിസ്തു പറഞ്ഞിട്ടുണ്ടെന്നും ഭാരതീയ സംസ്കാരത്തിന്റെ ഭാഗമായ നിലവിളക്ക് കൊളുത്തുന്നത് സ്വിച്ചിട്ട് ലൈറ്റ് കത്തിക്കുന്നതുപോലെ മാത്രമേ ഉള്ളൂ എന്നും ഒക്കെ വ്യാഖ്യാനിക്കാം. ആയിക്കൊള്ളൂ. പക്ഷേ തോന്ന്യാസമാണ് ഇയാൾ ചെയ്തത് എന്ന് ഡിഫെൻഡർ പറയും. മനസ്സുള്ളവർ അംഗീകരിച്ചാൽ മതി.

ലോത്ത് കൂടാരം മാറ്റി മാറ്റി അടിച്ച് സോദോമിൽ എത്തിയതുപോലെ ടി.എസ്.ഏബ്രഹാമും ഐ.പിസിയും സോദോമിനോട് അടുത്തുകൊണ്ടിരിക്കയാണ്. ഏതാനും വർഷം മുൻപ് ചില തിരുമേനിമാരുമായി കൈകോർത്തുകൊണ്ട് ടി.എസ്.ഏബ്രഹാം ബൈന്റ് അസ് ടുഗതർ പാടിയ കാര്യം ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്പോൾ ഇതും ആയി.

പട്ടത്വ സഭകൾ മഹതിയാം ബാബിലോണിന്റെ സന്തതികളാണെന്ന് സ്ഥാപിച്ച് പുസ്തകമെഴുതിയ കെ.ഇ.ഏബ്രഹാമിന്റെ പിൻതലമുറ ആത്മീയമായി അനുദിനം അധ:പതിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ പ്രതികരിക്കാൻ ഐ.പി.സിയിൽ ആർക്കും ധൈര്യമില്ല. ഒസ്താത്തിയോസ് ഉറക്കെ ഒന്നു തുമ്മിയാൽ ചന്ദ്രഹാസമിളക്കുന്ന മരുപ്പച്ചയും ടി.എസ്.ഏബ്രഹാമിന്റെ കാര്യം വരുമ്പോൾ കണ്ണടയ്ക്കും. ഡിഫെൻഡർ മാത്രമേ ഇത്തരം തിൻമകൾക്കെതിരെ പ്രതികരിക്കൂ.

# കെ.സി.ജോണിന് ജളപ്രഭു അവാർഡ്



ഐ.പി.സി ജനറൽ പ്രസിഡന്റും പവ്വർ വിഷൻ ചെയർമാനുമായ ചുമ്മാ ഡോ. ഡോ. ഡോ. കെ.സി.ജോണിന് ജളപ്രഭു അവാർഡ് ലഭിച്ചിരിക്കുന്നു. ഡിഫെൻഡർ ദ്വൈവാരികയാണ് ഈ മാന്യദേഹത്തിന് ഇത്തരം ഒരു അവാർഡ് സമ്മാനിച്ചത്.

മോഷണായിയും മറ്റും ചെയ്യുന്നതുപോലെ മന്ത്രിമാരേയും മറ്റും വിളിച്ച് അവാർഡ് ദാന സമ്മേളനം നടത്താൻ തക്ക ആസ്തി ഡിഫെൻഡറിന് ഇല്ലാത്തതുകൊണ്ട് സർട്ടിഫിക്കറ്റ് രൂപത്തിലുള്ള അവാർഡിന്റെ ഒരോ കോപ്പികൾ കെ.സി.ജോണിന്റെ വീട്ടിലേക്കും പവ്വർ വിഷൻ ഓഫീസിലേക്കും അയച്ചിട്ടുണ്ട്.

ജളൻ എന്ന വാക്കിന് നാണമില്ലാത്തവൻ എന്നാണ് അർത്ഥം. ജളപ്രഭു എന്നു പറഞ്ഞാൽ നാണമില്ലാത്തവൻമാരുടെ രാജാവ് എന്നർത്ഥം.

അഞ്ചു വർഷം മുൻപ് പ്രസിദ്ധീകരിച്ച പെന്തക്കോസ്ത് ദൈവശാസ്ത്രത്തിൽ ഡോ.കെ.സി.ജോൺ എന്ന് എഴുതിയിട്ടുണ്ട്. രണ്ടാഴ്ച മുൻപ്, മൂന്നു ദിവസത്തെ ഇടവേളയിൽ, രണ്ടു ചുമ്മാ ഡോകൾ കൂടി കെ.സി.ജോൺ വാങ്ങി. അങ്ങനെ മൂന്നു ചുമ്മാ ഡോ ഉള്ള ആദ്യ പെന്തക്കോസ്തുകാരനായി കെ.സി.ജോൺ മാറി. നാണമില്ലാത്തവൻമാരുടെ പറുദീസയാണ് പെന്തക്കോസ്ത് എങ്കിലും കെ.സി.ജോൺ എല്ലാവരേയും കടത്തി വെട്ടിയിരിക്കുന്നു. അതുകൊണ്ടാണ് കെ.സി. ജോണിന് ഡിഫെൻഡർ ജളപ്രഭു അവാർഡ് കൊടുക്കുന്നത്.

# ശാപ്പാടിലും ബോഫോഴ്സ്

കുമ്പനാട് കൺവെൻഷന് ശാപ്പാട് കൊടുത്ത വകയിൽ കെ.സി.ജോണും കൂട്ടരും എത്രലക്ഷം വിഴുങ്ങി? ഈ ചോദ്യത്തിനുള്ള ഉത്തരം കെ.സി.ജോൺ പറയുകയില്ലെന്നറിയാം. എങ്കിലും ചോദിക്കാതെ പറ്റില്ലല്ലോ.

2005ലെ കൺവെൻഷന് നാലരലക്ഷത്തിലധികം രൂപയുടെ ബില്ല് കെ.പി.കുര്യൻ കൊടുത്തിരുന്നു. അത് കള്ളക്കണക്കാണെന്നു പറഞ്ഞ് ബഹളമുണ്ടാക്കാൻ ആളുണ്ടായി. ഒട്ടേറെ കോലാഹലങ്ങൾക്കുശേഷം കുറെ പണം കൊടുത്തു. എന്നിട്ട് കുര്യനെ ഐ.പി.സിയിൽ നിന്ന് പുറത്താക്കുകയും ചെയ്തു.

പക്ഷേ 24 മാസം കഴിഞ്ഞപ്പോൾ ഇതാ കുര്യൻ കൊടുത്ത ബില്ലിന്റെ മൂന്നു മടങ്ങ് തുകയ്ക്കുള്ള ബില്ല് ശാപ്പാട് വകയിൽ ഉണ്ടായിരിക്കുന്നു. ഇത് എങ്ങനെ സംഭവിച്ചു? രണ്ടു വർഷം കൊണ്ട് സാധനങ്ങളുടെ വില മൂന്നിരട്ടിയായി വർദ്ധിച്ചോ? അതോ കൺവെൻഷനിൽ പങ്കെടുത്തവരുടെ എണ്ണം മൂന്നു മടങ്ങായോ?

ശാപ്പാടിന്റെ കരാർ എടുത്ത വ്യക്തിക്ക് ആദ്യം മൂന്നുലക്ഷം രൂപ അഡ്വാൻസായി കൊടുത്തു. അതിൽനിന്നും വിശുദ്ധൻമാരുടെ കമ്മീഷനായി അൻപതിനായിരം രൂപ രൊക്കം വാങ്ങി. അതുകഴിഞ്ഞ് ആറുലക്ഷത്തോളം രൂപ കൊടുത്തു. എത്ര രൂപ കമ്മീഷൻ വാങ്ങിയെന്ന് അറിഞ്ഞുകൂടാ. ഇനിയും കൊടുക്കാനുള്ള ലക്ഷങ്ങൾക്ക് എത്രലക്ഷം രൂപ കമ്മീഷനായി കിട്ടുമെന്നും അറിഞ്ഞുകൂടാ.

ഇത്തവണത്തെ കൺവെൻഷൻ അതിവിപുലമായി, ഒട്ടേറെ പ്രത്യേകതകളോടെ നടത്തുമെന്ന് അറിയിപ്പുണ്ടായിരുന്നു. പക്ഷേ സംഗതി ഇത്ര വിപുലമായിരിക്കുമെന്ന് ഡിഫെൻഡർ പോലും ഊഹിച്ചില്ല. അടുത്ത വർഷത്തെ കൺവെൻഷൻ കൂടുതൽ കേമമായി നടത്തണം. ശാപ്പാടിന് 25 ലക്ഷമെങ്കിലും ചെലവാക്കണം.

# എ.ജി. കൺവെൻഷനിൽ മഠത്തിലമ്മയുടെ കള്ളപ്രവചനം

പുനലൂരിൽ നടന്ന എ.ജി ജനറൽ കൺവെൻഷനിൽ ഒരു മഠത്തിലമ്മ കള്ളപ്രവചനം നടത്തി. സൂപ്രണ്ടായ ടി.ജെ ശാമുവേലാണ് മഠത്തിലമ്മക്ക് വേദി ഒരുക്കിയത്.

2020 ആകുമ്പോഴേക്കും ഇന്ത്യ ക്രിസ്ത്യൻ രാഷ്ട്രമാകുമെന്ന് ടി.ജെശാമുവേൽ പ്രവചിക്കാൻ തുടങ്ങിയിട്ട് വർഷങ്ങൾ പലതായി. പക്ഷേ ഈ കള്ളപ്രവചനം വിശ്വസിക്കാൻ ഏറെപ്പേരുണ്ടായില്ല. വർഷങ്ങൾ കടന്നു പോയിട്ടും ഇന്ത്യയിലെ ക്രൈസ്തവരുടെ സംഖ്യയിൽ വർദ്ധനവ് ഉണ്ടായതുമില്ല.

തന്റെ പ്രവചനം പോളിയുന്നത് കണ്ട് ടി.ജെ.ശാമുവേൽ ദു:ഖിച്ചിരിക്കുന്ന സമയത്താണ് ഒരു മഠത്തിലമ്മ ഇതിനോട് സാമ്യമുള്ള കള്ളപ്രവചനം നടത്തുന്നതായി ടി.ജെ ശാമുവേൽ അറിഞ്ഞത്. ഉടൻ തന്നെ ടി.ജെ.ശാമുവേൽ ആ സ്ത്രീയുമായി പരിചയപ്പെട്ടു. ആ പരിചയമാണ് എ.ജിയുടെ ജനറൽ കൺവെൻഷന് ഇവരെ ക്ഷണിച്ചുവരുത്തി കള്ളപ്രവചനം നടത്തിക്കുന്നിടം വരെ എത്തിയത്.

ഇതിനെതിരെ ആരും പ്രതികരിച്ചില്ലേ എന്ന് സംശയമുണ്ടാകാം. സംശയിക്കേണ്ട, ആരും പ്രതികരിച്ചില്ല. അതിനുള്ള വിവരവും ധൈര്യവും എ.ജിയിൽ ആർക്കുമില്ല.

അടുത്ത പതിന്നാലു കൊല്ലംകൊണ്ട് ഇന്ത്യ ക്രൈസ്തവർക്ക് ഭൂരിപക്ഷമുള്ള രാജ്യമായി മാറുമെന്നാണ് മഠത്തിലമ്മ പറയുന്നത്. വായ്പ വാങ്ങിയ പാത്രങ്ങളിലേക്ക് എണ്ണ പകർന്ന് വിധവ കടം വീട്ടിയ കഥയും പറയുന്നുണ്ട്. ആ കഥയും സുവിശേഷവേലയും തമ്മിൽ എന്തു ബന്ധം എന്നു ചോദിക്കരുത്. കാരണം എണ്ണ പകർന്നത് സുവിശേഷവേലയുടെ നിഴലാണത്രേ.

ഇപ്പോൾ മഠത്തിലമ്മയ്ക്ക് ഒരു ദിവസംപോലും ഒഴിവില്ലാതെ പ്രോഗ്രാമാണ്. ഏതായാലും എ.ജി ഒഴികെ ഒരു സംഘടനയും ഇത് ഏറ്റു പിടിച്ചിട്ടില്ല.

# വർഗീസ് മത്തായിക്ക് നാണമില്ലേ?

ഒട്ടൊക്കെ നാണവും മാനവും വിവരവും ഒക്കെ ഉള്ള ആളാണ് വർഗീസ് മത്തായി എന്നാണ് പൊതുവെ കരുതപ്പെടുന്നത്. പക്ഷേ ഈ ധാരണ തെറ്റാണെന്ന് ഇതാ തെളിയുന്നു. കെ.സി.ജോൺ രണ്ടു ചുമ്മാ ഡോകൾ വാങ്ങിയപ്പോൾ അനുമോദനയോഗം വിളിച്ചു കൂട്ടിയത് വർഗീസ് മത്തായിയാണ്.

ഈനാംപോച്ചിക്ക് മരപ്പട്ടി കൂട്ട് എന്നു പറഞ്ഞതുപോലെ കെ.സി.ജോൺ എന്ന ജളപ്രഭുവിന് വർഗീസ് മത്തായിയെന്ന നീചൻ കൂട്ട്. കെ.സി.ജോണിനെ അഭിനന്ദിപ്പിക്കാൻ വർഗീസ് മത്തായി പെടാപ്പാട് പെടുന്നു. പ്രതിഫലമായി നല്ല പലതും വർഗീസ് മത്തായിക്ക് കിട്ടുകയും ചെയ്യും. ലജ്ജാകരമെന്നേ പറയേണ്ടൂ.

ദി ഡിഫെൻഡർ
Vol. No.10 Issue No. 3 2007 February 1

# ടി. ജെ. ശാമുവേലിനെ നിലയ്ക്കു നിർത്തണം

സംഘടനയുടെ തലപ്പത്തെത്തിയാൽ പിന്നെ എന്തും ആകാം എന്നതാണ് ഇന്ന് പെന്തക്കോസ്തിലെ സ്ഥിതി. ചോദ്യം ചെയ്യാൻ ആരും ധൈര്യപ്പെടുകയില്ല. ഇതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് ടി.ജെ.ശാമുവേൽ. ഇയാൾക്ക് എന്തു വിവരക്കേടും പറയുകയും പ്രചരിപ്പിക്കുകയും ചെയ്യാം എന്നായിരിക്കുന്നു. ആരും എതിർക്കുന്നില്ല.

2020 ആകുമ്പോഴേക്കും ഇന്ത്യ ഒരു ക്രിസ്ത്യൻ രാഷ്ട്രമാകുമെന്ന് ചില വർഷങ്ങൾക്കു മുൻപ് ഇയാൾക്ക് വെളിപ്പാട് കിട്ടിയത്രേ. ഇപ്പോൾ ഒരു മഠത്തിലമ്മയ്ക്കും ഇതേ വെളിപ്പാട് കിട്ടിയിരിക്കുന്നു. ഇരുവർക്കും കിട്ടിയത് വെളിപ്പാടായാലും വെളിച്ചപ്പാടായാലും ഫലം ഒന്നുതന്നെ. കാരണം, ദൈവസഭയുടെ അടിസ്ഥാനം ദൈവവചനമായ ബൈബിളാണ്, വ്യക്തികൾക്കു ലഭിക്കുന്ന വെളിപ്പാടല്ല.

ഇവർക്ക് കിട്ടിയിരിക്കുന്നത് വെളിപ്പാടല്ലെന്നതും ശ്രദ്ധേയമാണ്. ദൈവത്തിന്റെ ആത്മാവ് ഭോഷ്ക്കു പറയുകയില്ല. അസംഭവ്യമായ കാര്യങ്ങൾ പറഞ്ഞ് മനുഷ്യരെ കബളിപ്പിക്കാൻ ദൈവത്മാവ് കൂട്ടുനിൽക്കുകയുമില്ല.

ടി.ജെ.ശാമുവേലിന് ഈ വെളിപ്പാട് കിട്ടിയിട്ട് അഞ്ചാറു കൊല്ലമായി. ഈ കാലയളവിൽ ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ എണ്ണത്തിൽ അരക്കാൽ ശതമാനത്തിന്റെ വർദ്ധനവ് പോലും ഉണ്ടായിട്ടില്ല. അടുത്ത പതിന്നാല് കൊല്ലം കൊണ്ട് ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ എണ്ണം അൻപതു ശതമാനത്തിൽ അധികമാകും എന്നു പറയുന്നത് ശുദ്ധ ഭോഷ്ക്കാണ്. അൻപതു ശതമാനമെന്നല്ല അര ശതമാനം പോലും വർദ്ധനവ് ഈ കാലത്ത് ഉണ്ടാകില്ല. ടി.ജെ.ശാമുവേലിനും മഠത്തിലമ്മയ്ക്കും ലഭിച്ചിരിക്കുന്നത് വെളിപ്പാടല്ല, വെളിച്ചപ്പാടാണ്.

ഇവർക്കു ലഭിച്ചിരിക്കുന്നത് വെളിപ്പാടാണ് എന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാലും പ്രശ്നം തീരുന്നില്ല. കാരണം ഏതെങ്കിലും വ്യക്തിക്ക് ലഭിക്കുന്ന വെളിപ്പാട് ദൈവവചനം പോലെ സ്വീകരിക്കയും അത് പ്രസംഗിക്കുകയും ചെയ്യുന്നത് സഭയുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങൾക്ക് എതിരാണ് എന്നതുതന്നെ. ഇത്തരം വെളിപ്പാടുകളാണ് സെവൻത്ത് ഡേ അഡ്വന്റിസ്റ്റ് സഭ ഉൾപ്പെടെയുള്ള കൾട്ട് ഗ്രൂപ്പുകളുടെ പിറവിക്ക് കാരണമായത്. കേരളത്തിൽ യുയോമയ പ്രസ്ഥാനം ഉണ്ടായതും ഇങ്ങനെതന്നെ.

ലോകമെമ്പാടും പോയി സുവിശേഷം പ്രസംഗിക്കുക എന്നത് വിശ്വാസികളുടെ ദൗത്യമാണ്. അതുകൊണ്ട് സത്യസുവിശേഷം ഇന്ത്യയിലെമ്പാടും പ്രസംഗിക്കുക. വിശ്വസിക്കയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.

# സത്യം സത്യമായി

ഈ ഭരണമെന്നു പറയുന്ന പരിപാടി ഇത്ര ബുദ്ധിമുട്ടുള്ളതാണെന്ന് സഖാവ് വി.എസ്സ് അറിഞ്ഞിരുന്നില്ല. സംഗതി നല്ല രസമാണെന്നു കരുതിയാണ് മുഖ്യമന്ത്രിക്കസേരയിൽ ഇരുപ്പുറപ്പിച്ചത്. പക്ഷേ ഇത്ര ഭീകരമാണ് കാര്യങ്ങൾ എന്ന് ഇപ്പോഴാണ് പിടികിട്ടിയത്. നേരേചൊവ്വേ ഒന്നു ശ്വാസം വിടാൻ പോലും പറ്റുന്നില്ല. എന്തു ചെയ്താലും കുറ്റം. ഒന്നും ചെയ്തില്ലെങ്കിൽ അതും കുറ്റം. ശരിക്കും കുഴഞ്ഞു.

പണ്ട് കോൺഗ്രസ്സിലെ കോലാഹലക്കാലത്ത് 40 എം. എൽ.എമാരുടെ ഫിക്സഡ് ഡിപ്പോസിറ്റിന്റെ കാര്യമൊക്കെ പറഞ്ഞ് എരിതീയിൽ എണ്ണ ഒഴിച്ചു നടന്ന ആ നല്ലകാലമൊക്കെ ഇനി സ്വപ്നം കാണുകയേയുള്ളൂ. കോൺഗ്രസ്സുകാർ ഇനി അവരുടെ കൈവശമുള്ള ഡിപ്പോസിറ്റിന്റെ കാര്യം പറഞ്ഞ് കുഴപ്പമുണ്ടാക്കുമോ എന്ന ശങ്കയിലാണ് ഇപ്പോൾ വി.എസ്സ്.

ഈയിടെയായി ലീഡറും പുത്രനും ഏറെ പ്രസ്താവനകളൊന്നും നടത്തുന്നില്ല. നടത്തുന്ന പ്രസ്താവനയ്ക്ക് പണ്ടുള്ളത്ര വാർത്താപ്രാധാന്യം കിട്ടാതെ പോകുന്നതാകാനും സാദ്ധ്യതയുണ്ട്. ഒരുകാലത്ത് ഇന്ത്യ മുഴുവൻ നിറഞ്ഞുനിന്ന മാളയിലെ മാണിക്യം ഇങ്ങനെ മാളത്തിലായിപ്പോയത് കഷ്ടമായിപ്പോയി.

ഏതാനും ആഴ്ചകളായി കേരളത്തിൽ ഹർത്താലുകളുടെ വസന്തകാലമാണ്. പല രൂപത്തിലും ഭാവത്തിലുമുള്ള ഹർത്താലുകൾ അരങ്ങു തകർക്കുകയാണ്. കേരളം മുഴുവനുള്ള ഹർത്താൽ, ജില്ലകൾ തിരിച്ചുള്ള ഹർത്താൽ, പഞ്ചായത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഹർത്താൽ അങ്ങനെ പോകുന്നു ഹർത്താലിന്റെ പരിപാടി. ഇതിനിടയിൽ വാഹനപണിമുടക്ക് എന്ന മാരണവും എത്തി. ഫലത്തിൽ അതും ഹർത്താലായി. സാക്ഷര കേരളം ഹർത്താൽ കേരളം എന്നൊരു പുതിയ മുദ്രാവാക്യം കൂടി ആയാൽ നന്നായിരിക്കും.

അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്നു പറഞ്ഞതുപോലെയായി ഇടതു യുവജന സംഘടനകളുടെ പ്രതികരണം. കോടതിവിധിയെ മാന്യമായ ഭാഷയിൽ വിമർശിക്കുന്നത് അനുവദനീയമാണ്. ഒട്ടൊക്കെ പ്രതിഷേധവും ആകാം. പക്ഷേ ഹൈക്കോടതിയിലേക്ക് മാർച്ച് നടത്തുക, ചീഫ് ജസ്റ്റീസിനെ പ്രതീകാത്മകമായി നാടുകടത്തുക തുടങ്ങിയതൊക്കെ കേട്ടുകേഴ്വി പോലും ഇല്ലാത്ത കാര്യങ്ങളാണ്. ഇതൊക്കെ ഒഴിവാക്കേണ്ടതായിരുന്നു. കോടതിവിധി സ്വീകാര്യമല്ലെങ്കിൽ മേൽക്കോടതിയിൽ അപ്പീൽ കൊടുക്കാം. അതിനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. അതാണ് ശരിയായ വഴി. രാഷ്ട്രീയ നേതാക്കളേയും മന്ത്രിമാരേയും സർക്കാർ ഉദ്യോഗസ്ഥരേയും മറ്റും വിമർശിക്കുന്നതുപോലെ കോടതികളേയും വിമർശിക്കുന്നത് ഗുണത്തേക്കാളേറെ ദോഷമേ ചെയ്യൂ.

ഡോ.സുകുമാർ അഴീക്കോട് തനിക്കു ലഭിച്ച പത്മശ്രീ നിരസിച്ചിരിക്കുന്നു. തന്നോട് ആലോചിക്കാതെയാണ് പത്മശ്രീ തന്നതെന്നും ഇത്തരം പദവികൾ നൽകുന്നത് ഭരണഘടനാലംഘനമാണെന്നും അദ്ദേഹം പറയുന്നു. തന്നേക്കാൾ ജൂനിയർമാരായ ചിലർക്കുകൂടി പത്മശ്രീ ലഭിച്ചതുകൊണ്ട് ഈ പത്മശ്രീ സ്വീകരിച്ചാൽ താനും അവരുടെ നിലവാരത്തിലായിപ്പോകും എന്ന ഭയമാണ് പത്മശ്രീ തിരസ്ക്കരണത്തിനു പിന്നിലെ യഥാർത്ഥ കാരണമെന്നും കേൾക്കുന്നു. ഏതായാലും അഴീക്കോട് പത്മശ്രീ സ്വീകരിച്ചിരുന്നെങ്കിൽ ലഭിക്കുമായിരുന്ന പ്രശസ്തിയിൽ അധികം തിരസ്ക്കരണത്തിലൂടെ നേടി എന്നതാണ് വാസ്തവം.

കാരണം എന്തുതന്നെ ആയാലും ഭാരത സർക്കാർ നൽകിയ ബഹുമതി തിരസ്ക്കരിക്കാനുള്ള തന്റേടം അഴിക്കോടിനുണ്ടായി. പക്ഷേ മോഷണായി കൊടുത്ത അവാർഡ് വേണ്ടെന്നു പറയാനുള്ള തന്റേടം ഉമ്മൻ ചാണ്ടിക്ക് ഉണ്ടായില്ല. മോഷണായിയുടെ അവാർഡ് വാങ്ങിയതിലൂടെ ഉമ്മൻ ചാണ്ടി അപഹാസ്യനാകുകയാണ് ചെയ്തത്. വ്യഭിചാരത്തിന്റെ അപ്പോസ്തലനായ ടി.എസ്.ഏബ്രഹാമിന് വ്യഭിചാരത്തിൽ ഡോക്ട്രേറ്റ് എടുക്കാൻ തയ്യാറെടുക്കുന്ന മോനായി കൊടുത്ത ക്രൈസ്തവരത്നം അവാർഡ് തികച്ചും അനുയോജ്യംതന്നെ. പക്ഷേ മോനായി അവാർഡ് കൊടുത്ത ഡസൻ കണക്കിന് പെന്തക്കോസ്തുകാരിൽ ആർക്കും അവാർഡ് നിരസിച്ച് മാതൃക കാട്ടാനുള്ള ധൈര്യമുണ്ടായില്ല.

ഹൈന്ദവ മതസ്ഥാപനങ്ങളെ ഭരിക്കാനും നിയന്ത്രിക്കാനും ദേവസ്വം ബോർഡുണ്ട്. മുസ്ലീം മതസ്ഥാപനങ്ങൾ വഖഫ് ബോർഡിന്റെ കീഴിലാണ്. പക്ഷേ ക്രൈസ്തവരുടെ പള്ളികളേയും ഇതര സ്ഥാപനങ്ങളേയും തൊടാൻ നാളിതുവരെ ഒരു സർക്കാരിനും ധൈര്യമുണ്ടായിട്ടില്ല. ഭാവിയിൽ സർക്കാർ ഒരു ക്രൈസ്തവ ബോർഡ് ഉണ്ടാക്കിയാൽ എന്താകും സ്ഥിതി? പെന്തക്കോസ്ത് നേതാക്കൻമാരിൽ ഭൂരിപക്ഷത്തിന്റേയും കഞ്ഞികുടി മുട്ടും എന്നു തീർച്ച. സുവിശേഷത്തിന്റെ പേരിൽ പണം തട്ടാനുള്ള വഴി അടയുന്നതോടെ ഭൂരിപക്ഷം നേതാക്കൻമാരും കുറെയേറെ പാസ്റ്റർമാരും സുവിശേഷവേല വേണ്ടെന്നു വെച്ചെന്നും വരാം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാലം: 1000 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# പണമുണ്ടാക്കാൻ പെട്ടകവും സ്വർണ്ണ താക്കോലും

പണമുണ്ടാക്കാൻ എളുപ്പവഴിയുമായി ദിനകരൻ രംഗത്തെത്തിയിരിക്കുന്നതായി ജാമക്കാരൻ മുന്നറിയിപ്പ് തരുന്നു. കാരുണ്യ ഹോസ്റ്റൽ പണിയുവാൻ മൂന്നുലക്ഷം രൂപയെങ്കിലും സംഭാവന ചെയ്യുന്നവർക്ക് ദിനകരൻ ഒരു സ്വർണ്ണ താക്കോൽ നൽകും. ഈ താക്കോൽ എവിടെ ഇരിക്കുന്നോ അവിടേക്ക് ദൈവം അളവില്ലാത്ത സമ്പത്ത് ചൊരിയുമത്രേ. (ഇത്തരം കുറെ താക്കോൽ ഉണ്ടാക്കി ദിനകരന്റെ വീട്ടിലെ ഓരോ മുറിയിലും വെച്ചിരുന്നെങ്കിൽ വല്ലവന്റെയും പണം വാങ്ങാതെ ഹോസ്റ്റൽ പണിയാമായിരുന്നു).

ഇത്തരം ഒരു വിഡ്ഢിത്തം വിശ്വസിക്കാൻ ആളുണ്ടാകുമോ എന്നു ചോദിച്ചാൽ ഇതിൽ അധികവും വിശ്വസിക്കാൻ ആളുണ്ടാകും എന്നാണ് മറുപടി. സാക്ഷര കേരളത്തിൽ ഇതൊന്നും നടപ്പില്ല എന്ന് വാദിക്കാൻ തുനിയരുത്. കാരണം, ഈ താക്കോൽ ആദ്യമായി വാങ്ങിയത് ജേക്കബ് എന്ന മലയാളിയാണ്.

കാരുണ്യ കോമ്പൗണ്ടിൽ ദിനകരൻ ബെഥേസ്ഥാ കുളവും മണ്ഡപവും സ്ഥാപിച്ചിട്ടുണ്ട്. ആ മണ്ഡപത്തിൽ ഇപ്പോൾ ഒരു കൃപാസനപ്പെട്ടിയുമുണ്ട്. പഴയനിയമത്തിലെ കൃപാസനവും പെട്ടകവും പോലെ ഒരു സാധനമാണിത്. മൂന്നുലക്ഷം രൂപ മുടക്കി താക്കോൽ വാങ്ങുന്ന വ്യക്തി തന്റെ വസ്തുവകകളുടെ ആധാരം, മറ്റ് രേഖകൾ തുടങ്ങിയവ ഈ പെട്ടിയിൽ ഇട്ടുവെയ്ക്കണം. പിറ്റേന്ന് എടുത്തുകൊണ്ട് പോകാം. ഈ പെട്ടിയിൽ വെയ്ക്കുന്ന ആധാരങ്ങളിൽ ദൈവത്തിന്റെ ദൃഷ്ടി പതിയുമെന്നും അതോടെ പണത്തിന്റെ ഒഴുക്ക് ആരംഭിക്കുമെന്നുമാണ് ദിനകരൻ പറയുന്നത്. പക്ഷേ കാരുണ്യയുടെ ആധാരം ദിനകരൻ ഈ പെട്ടിയിൽ വെച്ചതായി അറിവില്ല.

# ആത്മാവിന്റെ ഇരട്ടി പങ്ക്

ആത്മാവിന്റെ ഇരട്ടി പങ്ക് പ്രാപിക്കണമെന്ന് ടി.എസ്.ഏബ്രഹാം കുമ്പനാട് കൺവെൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് ആഹ്വാനം നടത്തിയതായി ചില പെന്തക്കോസ്ത് പത്രങ്ങളിൽ കണ്ടു. ഐ.പി.സിയിലെ ഏറ്റവും വലിയ ദിവ്യൻ ഇനിയെങ്കിലും ദൈവവചനം പഠിക്കുന്നത് നന്നായിരിക്കും.

എലീശ ഇരട്ടി പങ്ക് ആത്മാവിനെ പ്രാപിച്ചു എന്നത് ശരി തന്നെ. മോശയുടെമേലുണ്ടായിരുന്ന ആത്മാവിൽ ഒരംശം എടുത്ത് മൂപ്പൻമാർക്ക് കൊടുത്തതായും കാണാം. പക്ഷേ ഇതൊക്കെ പഴയനിയമത്തിൽ നടന്ന സംഭവങ്ങളാണ്. പഴയനിയമത്തിൽ ഭക്തൻമാർ പരിശുദ്ധാത്മാവിനെ പ്രാപിച്ചതുപോലെയല്ല പുതിയനിയമത്തിൽ പ്രാപിക്കുന്നത്.

വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദി ഒഴുകുന്ന അനുഭവമാണ് പുതിയനിയമത്തിലുള്ളത്. ഈ അനുഭവം പെന്തക്കോസ്ത് നാളിലാണ് ഉണ്ടായിരുന്നത്. പഴയനിയമ വിശുദ്ധൻമാർ ആരും ഇത് പ്രാപിച്ചിരുന്നില്ല.

പുതിയനിയമ വിശ്വാസിക്ക് ദൈവം ആത്മാവിനെ അളവു കൂടാതെയാണ് നൽകുന്നത്. ആർക്കും ഇരട്ടി പങ്ക് പ്രാപിക്കാൻ പറ്റില്ല. കാരണം കാലും അരയും മുക്കാലും ഇരട്ടിയും ഒന്നും പുതിയനിയമ സഭയിലില്ല. ദൈവത്തിൽ നിന്ന് പ്രാപിക്കാവുന്ന കൃപയുടെ കാര്യത്തിൽ മാത്രമാണ് പുതിയനിയമകാലത്ത് വ്യത്യാസമുള്ളത്.

ഇരട്ടി പങ്ക് ആത്മാവിനെ പ്രാപിക്കുക എന്ന വിഡ്ഢിത്തം പ്രസംഗിക്കുന്ന ആദ്യവ്യക്തി ടി.എസ്.ഏബ്രഹാമല്ല. പക്ഷേ ഇനിയെങ്കിലും ഈ മണ്ടത്തരം പറയുന്നത് ഒഴിവാക്കണം.

# ബാബു ചെറിയാന് അഭിനന്ദനം

കുമ്പനാട് കൺവെൻഷനിൽ ബാബു ചെറിയാൻ മാത്രമേ ദൈവവചനം വസ്തുനിഷ്ഠമായി പ്രസംഗിച്ചുള്ളൂ എന്ന് അറിയാൻ കഴിഞ്ഞു. നന്ന്. ദൈവവചനം പറയാൻ ഒരാളെങ്കിലും ഉണ്ടായല്ലോ. അഭിനന്ദനങ്ങൾ.

കുമ്പനാട് കൺവെൻഷനിൽ പ്രസംഗകർക്ക് പഞ്ഞമില്ലായിരുന്നു. വല്ല്യ തിരുമേനിയായ ടി.എസ്.ഏബ്രഹാം മുതൽ ഒട്ടേറെപ്പേർ വാചകമടിച്ചു. കെ.സി.ജോൺ, വൽസൻ, എം.എസ്.ശാമുവേൽ, കെ.എം.ജോൺ, കെ.എം.ജോസഫ് തുടങ്ങിയ അവിഭാജ്യ ഘടകങ്ങളും ഉണ്ടായിരുന്നു. പക്ഷേ എല്ലാവരും പടപ്പിൽ തല്ലുക മാത്രമാണ് ചെയ്തത്. ആത്മീയമായി ഒന്നും ജനത്തിനു കൊടുക്കുവാൻ ഇവരിലാർക്കും കഴിഞ്ഞില്ല. പണം, പ്രതാപം, അധികാരം തുടങ്ങിയവയുടെ പിന്നാലെ ഓടുന്ന ഇവരുടെ കൈവശം ആത്മീയമായി ഒന്നും ഇല്ലല്ലോ. പക്ഷേ ഇതിൽനിന്നെല്ലാം വിട്ടു നിൽക്കുന്ന ബാബു ചെറിയാന് ദൈവവചനം കൈമുതലായി ഉണ്ട്. അതാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്.

# ഡോക്ട്രേറ്റ് എസ്.എം.എസ് വഴിയും



ഡോക്ട്രേറ്റ് എസ്.എം.എസ്. വഴിയും നൽകാൻ കഴിയുമെന്ന് സുരേഷ് ഇതാ തെളിയിക്കുന്നു. ക്രിസ്ത്യൻ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന തട്ടിപ്പ് സ്ഥാപനം നടത്തുന്ന സുരേഷിനെ ഡിഫെൻഡറിന്റെ വായനക്കാർ മറന്നു കാണില്ലെന്ന് കരുതുന്നു. ഈ വിദ്വാനാണ് റ്റി.എസ്.ബാലന്റെ പട്ടിക്കും പൂച്ചയ്ക്കും ഡോക്ട്രേറ്റ് കൊടുത്തത്.

പത്രമാസികകളിൽ പരസ്യം ചെയ്തായിരുന്നു സുരേഷ് ആദ്യകാലത്ത് ഡോക്ട്രേറ്റ് കച്ചവടം നടത്തിയിരുന്നത്. അതിനെതിരെ ഡിഫെൻഡർ എഴുതിയപ്പോൾ ഈമെയിൽ വഴിയായി കച്ചവടം. അതും ഡിഫെൻഡറിൽ വാർത്തയായി. ഇപ്പോൾ മൊബൈൽ ഫോണിലൂടെ എസ്.എം.എസ്. അയച്ചാണ് ഡോക്ട്രേറ്റ് കൊടുക്കുന്നത്. 9846084 347 എന്ന നമ്പറിൽ നിന്നാണ് എസ്.എം.എസ് അയക്കുന്നത്. പത്രമാസികകൾ, ഡയറക്ടറികൾ തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന എല്ലാ മൊബൈൽ നമ്പറുകളിലേക്കും ഡോക്ട്രേറ്റ് വാഗ്ദാനം ചെയ്ത് എസ്.എം.എസ്. അയയ്ക്കും. ഡോക്ട്രേറ്റിന്റെ വില കേവലം 1000 രൂപ മാത്രം.

# മാവിൻചുവട്ടിൽ കശപിശ

കുമ്പനാട്ടെ കല്യാണ മാവിന്റെ ചുവട്ടിൽ ഇത്തവണ കല്യാണത്തിനു പകരം കശപിശ ഉണ്ടായതായി കേട്ടു. ഈ മാവിൽ ചുവട്ടിൽ നിന്ന് ആലോചിച്ച് ഉറപ്പിച്ച കല്യാണങ്ങളിലൂടെ ദമ്പതികളായ എത്രയെത്ര ആളുകൾ ലോകമെമ്പാടും കുടുംബജീവിതം നയിക്കുന്നു. അങ്ങനെ തലമുറകളുടെ പാരമ്പര്യമുള്ള മാവിൻ ചുവട്ടിൽ നിന്ന് ഇക്കൊല്ലവും ചിലർ കല്യാണം ഉൾപ്പെടെ നിരവധി കാര്യങ്ങളേക്കുറിച്ച് ആലോചന നടത്തി. പക്ഷേ അത് സെക്യൂരിറ്റിക്കാർക്ക് പിടിച്ചില്ല. അവർ ആലോചനാസംഘത്തെ വിരട്ടി ഓടിക്കാൻ ശ്രമിച്ചു. എന്നാൽ ഐ.പി.സി രക്തം സിരകളിലോടുന്ന ആലോചനക്കാർ പ്രതികരിച്ചു. അങ്ങനെ സംഭവം കശപിശയായി. (കൈവെയ്പ് ഉണ്ടായില്ല)

# ബംഗ്ലാവിൽ താമസിക്കാൻ ടി.എസ്.ഏബ്രഹാമിന് അനുമതി

മരണം വരെ ഹെബ്രോൻ ബംഗ്ലാവിൽ താമസിക്കാൻ ഐ.പി.സി ജനറൽ കൗൺസിൽ ടി.എസ്.ഏബ്രഹാമിന് അനുമതി നൽകി. ഈ വിവരം അറിഞ്ഞ ഉടൻ ടി.എസ്.ഏബ്രഹാം ചൂടായി. ഏതു കൗൺസിൽ? എവിടത്തെ കൗൺസിൽ?

ഐ.പി.സി സ്ഥാപിച്ചത് കെ.ഇ ഏബ്രഹാമാണ് എന്നാണല്ലോ ഐതിഹ്യം. ആ തഴമ്പിന്റെ ബലത്തിൽ ടി.എസ്.ഏബ്രഹാം ഐ.പി.സിയിലും ഹെബ്രോൻ ബംഗ്ലാവിലും അള്ളിപ്പിടിച്ചിരിക്കുകയുമാണ്. ഈ ചങ്ങാതിയുടെ കാലശേഷം വൽസൻ തമ്പുരാൻ അധികാരമേൽക്കും. ഏതു കൗൺസിൽ എന്തു തീരുമാനിച്ചാലും ഇതാണ് നടക്കുക.

ടി.എസ്.ഏബ്രഹാമിന്റെ കാലശേഷം വൽസൻ അവിടെ സ്ഥിരവാസം ഉറപ്പിക്കുന്നത് ഒഴിവാക്കണമെന്ന് ഐ.പി.സിയിലുള്ള ചിലർക്ക് ആഗ്രഹമുണ്ട്. അതിന് അവർ ഒരു മാർഗ്ഗം കണ്ടുപിടിച്ചു. ടി.എസ്.ഏബ്രഹാമിനെ മരണം വരെ അവിടെ താമസിക്കാൻ അനുവദിക്കുന്നതായി ജനറൽ കൗൺസിൽ ഒരു തീരുമാനം എടുക്കുക. അപ്പോൾ ഹെബ്രോൻ ബംഗ്ലാവ് ഐ.പിസിയുടെ വകയാണെന്നും കൗൺസിലിന്റെ അനുവാദപ്രകാരം ടി.എസ്.ഏബ്രഹാം അവിടെ താമസിക്കുക മാത്രമാണ് ചെയ്തതെന്നും വരും. പക്ഷേ ടി.എസ്.ഏബ്രഹാമിന് കൗൺസിലിന്റെ വിദ്യ പിടികിട്ടി. അതുകൊണ്ടാണ് അദ്ദേഹം ചൂടായത്. തന്നെ ബംഗ്ലാവിൽ താമസിക്കാൻ അനുവദിക്കണമെന്ന് ടി.എസ്.ഏബ്രഹാം കൗൺസിലിനോട് അപേക്ഷിച്ചിട്ടില്ലാത്തതിനാൽ കൗൺസിലിന്റെ തീരുമാനത്തിന് നിയമപരമായ ബലമില്ല.

എങ്ങനെയെങ്കിലും ബംഗ്ലാവിൽ താമസമാക്കാൻ കെ.സി. ജോൺ കൊതിക്കുന്നുണ്ട്. ബംഗ്ലാവിൽ താമസിച്ചാൽ അങ്കവും കാണാം, താളിയും ഒടിക്കാം. തന്റെ കസേര ഉറപ്പിക്കുന്നതിനോടൊപ്പം താളി ഒടിക്കാനുള്ള അനന്തമായ സാദ്ധ്യതകളാണുള്ളത്. ടി.എസ്.ഏബ്രഹാമിന്റെ കാലത്തെ പതിവുപോലെ ബംഗ്ലാവ് ഡ്യൂട്ടിക്ക് പെൺകുട്ടികളെ നിയോഗിക്കാം. പട്ടാളം ജാനകി തൊട്ടടുത്തുള്ളതുകൊണ്ട് പണ്ടത്തെ കോളേജ് സംഭവങ്ങൾ ആവർത്തിക്കയുമാകാം. എന്തുകൊണ്ടും ബംഗ്ലാവ് വാസം ആഗ്രഹിക്കത്തക്കതാണ്.

# പി.പി.ജോബിന് സ്നേഹപൂർവ്വം

പി.പി.ജോബിന്റെ മകന്റെ അകാല നിര്യാണത്തിൽ ഡിഫെൻഡർ അനുശോചനം അറിയിക്കുകയും ദു:ഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു. അകാല മരണങ്ങൾ എന്നും വേദനയുളവാക്കുന്നതാണ്. ആർക്കും ഇങ്ങനെ സംഭവിക്കരുതേ എന്ന് പ്രാർത്ഥിക്കുന്നു.

ഏതാനും വർഷം മുൻപ് ജോബിന്റെ മറ്റൊരു മകനും അപകട മരണമുണ്ടായി. അതും ദു:ഖകരമായ സംഭവമായിരുന്നു. പക്ഷേ ജോബ് തന്റെ മകനെ സുവിശേഷ വിരോധികൾ വകവരുത്തിയതാണെന്നും മകൻ രക്തസാക്ഷി ആകുകയാണ് ചെയ്തത് എന്ന് പ്രചരിപ്പിക്കുകയും ചെയ്യുന്നത് കണ്ടപ്പോൾ അറപ്പുതോന്നി. മകന്റെ രക്തം പോലും വിറ്റ് പണമുണ്ടാക്കാൻ ശ്രമിക്കുന്ന ജോബിനോട് അനല്പമായ വെറുപ്പ് തോന്നുകയും ചെയ്തു.

ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ അപകടമരനവും ജോബ് മഹത്വവത്ക്കരിക്കുമോ എന്ന് ശങ്കയുണ്ട്. ഈ മകൻ ദൈവവേലക്കാരനായിരുന്നു എന്നും മറ്റും സ്ഥാപിച്ചുകൊണ്ട് ജോബ് മനോരമയിൽ നൽകിയ പരസ്യം കണ്ടപ്പോഴാണ് ഈ ശങ്കയുണ്ടായത്. ദൈവവേല ചെയ്തതിന്റെ പ്രതികാരമായി തീവ്രവാദികൾ മകനെ അപകടത്തിൽ പെടുത്തുകയായിരുന്നു എന്ന് ജോബ് പറയാനുള്ള എല്ലാ സാദ്ധ്യതയും കാണുന്നു. അതുകൊണ്ട് പറയട്ടെ, ഇത്തവണയെങ്കിലും ജോബ് മകന്റെ രക്തം വിറ്റ് പണമുണ്ടാക്കാൻ ശ്രമിക്കരുത്. അപകട മരണം ആർക്കും സംഭവിക്കാം. പക്ഷേ ആ പഴുത് ഉപയോഗിച്ച് മക്കളെ രക്തസാക്ഷികളാക്കിയാൽ അത് വിശ്വസിക്കാൻ ആളുണ്ടായേക്കാം. പക്ഷേ അത് അങ്ങേയറ്റം ഹീനമായ പ്രവൃത്തിയാണ്.





# നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. www.yourname.com എന്ന വിലാസം. you@yourname.com എന്ന ഈമെയിൽ. ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608

# ഡോ ഡോ ഡോ: സത്യവും മിഥ്യയും

പെന്തക്കോസ്തിൽ ഡോകൾക്കു പഞ്ഞമില്ല. ഭൂരിപക്ഷവും ചുമ്മാ ഡോകളാണ് എന്നൊരു പ്രശ്നമേയുള്ളൂ. ചുമ്മാ ഡോകളുടെ എണ്ണത്തിൽ ഉണ്ടായിരിക്കുന്ന പെരുപ്പം നിമിത്തം യഥാർത്ഥ ഡോക്ടർമാർക്ക് തങ്ങളുടെ പേരിനോടൊപ്പം ഡോ എന്നു വയ്ക്കാൻ നാണമായിരിക്കയാണ്.

ആരാണ് യഥാർത്ഥ ഡോക്ടർമാർ? അവർ രണ്ടു തരക്കാരുണ്ട്. വൈദ്യശാസ്ത്രത്തിൽ ബിരുദമെങ്കിലും ഉള്ളവരാണ് അവരിൽ ഒരുകൂട്ടം. ഡോക്ട്രേറ്റ് ഉള്ളവരാണ് രണ്ടാമത്തെ കൂട്ടർ.

എങ്ങനെയാണ് ഡോക്ട്രേറ്റ് നേടുന്നത്? അതിനുള്ള ഉത്തരം ഡിഫെൻഡർ പലവട്ടം പറഞ്ഞതാണ്. എങ്കിലും വീണ്ടും പറയാം. ഏതെങ്കിലും ഒരു വിഷയത്തിൽ മാസ്റ്റർ ബിരുദം എടുത്ത ശേഷം മൂന്നു വർഷത്തിൽ കുറയാത്ത കാലം ഗവേഷണം നടത്തി പ്രബന്ധം സമർപ്പിച്ചാണ് യഥാർത്ഥ ഡോക്ട്രേറ്റ് നേടുന്നത്. ഏതെങ്കിലും സർവ്വകലാശാലയാണ് സെക്യുലർ വിഷയത്തിൽ ഡോക്ട്രേറ്റ് കൊടുക്കുന്നത്. തിയോളജിക്കൽ രംഗത്ത് ഇന്ത്യയിൽ സെരാംപൂർ സെനറ്റ് ഡോക്ട്രേറ്റ് കൊടുക്കാറുണ്ട്. എ.റ്റി.എ അംഗീകാരമുള്ള ഡോക്ട്രേറ്റുകൾ ചില സ്ഥാപനങ്ങൾ കൊടുക്കുന്നതായും അറിയാം.

അമേരിക്ക പോലുള്ള രാജ്യങ്ങളിൽ ആർക്കും യൂണിവേഴ്സിറ്റി തുടങ്ങാം. പക്ഷേ അക്രെഡിറ്റേഷൻ ലഭിക്കാത്ത സ്ഥാപനങ്ങൾ നൽകുന്ന ബിരുദങ്ങൾക്ക് കടലാസിന്റെ വിലയേ ഉണ്ടാകൂ എന്നുമാത്രം.

അമേരിക്കയിൽ നിരവധി വ്യാജ അക്രെഡിറ്റിംഗ് ഏജൻസികളുണ്ട്. അവയുടെ അക്രെഡിറ്റേഷൻ ലഭിച്ചതുകൊണ്ട് ഗുണമൊന്നുമില്ല.

ഇനി കെ.സി.ജോണിന് ലഭിച്ചിട്ടുള്ള ഡോകളേക്കുറിച്ച് പറയാം. അഞ്ചു വർഷം മുൻപ് പ്രസിദ്ധീകരിച്ച പെന്തക്കോസ്ത് ദൈവശാസ്ത്രത്തിൽ ഡോക്ടർ കെ.സി.ജോൺ എന്നാണ് എഴുതിയിരിക്കുന്നത്. ആ ഡോക്ട്രേറ്റ് എവിടെനിന്നു കിട്ടിയതാണെന്ന് അറിഞ്ഞുകൂടാ. ഒരു വിഷയത്തിലും മാസ്റ്റർ ഡിഗ്രിയില്ലാത്ത കെ.സി. ജോണിന് ഏതായാലും യഥാർത്ഥ ഡോക്ട്രേറ്റ് കിട്ടില്ല.

ഈയിടെ ലഭിച്ച രണ്ടു ഡോകളാണ് ഇനി ബാക്കിയുള്ളത്. അതിൽ ഒരെണ്ണം മദ്രാസ്സിലുള്ള ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചർച്ച് മാനേജ്മെന്റ് നൽകിയതാണ്. പണം കൊടുക്കുന്നവർക്കെല്ലാം ചുമ്മാഡോ കൊടുക്കുന്ന ഒരു തട്ടിപ്പ് സ്ഥാപനമാണിത്. നൂറുകണക്കിന് ആളുകൾ ഇവിടെനിന്നും ചുമ്മാഡോ വാങ്ങിയിട്ടുണ്ട്.

ഈ സ്ഥാപനത്തിന് American Accrediting Association of Theological Institutions നൽകുന്ന അംഗീകാരമുണ്ടെന്ന് അവർ അവകാശപ്പെടുന്നു. ഈ അക്രെഡിറ്റിംഗ് സ്ഥാപനം തന്നെ വ്യാജമാണെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഇതേപ്പറ്റി ഇന്റർനെറ്റ് എൻസൈക്ലോപീഡിയയായ Wikipediaയിൽ ഇപ്രകാരം കാണുന്നു: American Accrediting Association of Theological Institutions is not to be confused with the Association of Theological Schools in the United States and Canada, the primary accreditation agency for North American seminaries. It is an unrecognized accreditation group based in Rocky Mount, North Carolina. It was created in the late 1980s and the composition of the board is unknown. AAATI and Christian Bible College (CBC) are ran by Cecil Johnson, and are considered an accreditation mill and a degree mill respectively. AAATI lacks the recognition from the United States Department of Education and Council for Higher Education Accreditation. It will approve accreditation for a $100 fee with no educational requirements (a $75.00 a renewal fee each year), as described by Steve Levicoff as a meaningless accreditation mill, which unaccredited religious schools cite as “approval” or “accreditation” in order to avoid appearing to be diploma mills.

കേവലം എം.ഡിവ് വരെയുള്ള ക്ലാസ്സുകൾ മാത്രം നടത്തുന്ന ഇന്ത്യാ ബൈബിൾ കോളേജ് കൊടുത്തതാണ് മൂന്നാമത്തെ ഡോ. അതുകൊണ്ട് കെ.സി.ജോണിന്റെ ഡോകളെല്ലാം ചുമ്മാ ഡോകളാണെന്ന് വ്യക്തം.




# ഡിഫെൻഡർ മറുപടി പറയുന്നു

**?** കെ.പി.യോഹന്നാന്റെ സഭയുടെ ജനറൽ കൺവെൻഷനിൽ അറിയപ്പെടുന്ന പെന്തക്കോസ്ത് പ്രസംഗകരും നേതാക്കന്മാരും പ്രസംഗിക്കുന്നതായി കേട്ടു. ഇതേപ്പറ്റി ഡിഫെൻഡർ എന്തു പറയുന്നു?

■ ഇത്തരം ഒരു തിൻമ നടക്കാൻ പോകുന്നതായി ചിലർ ഡിഫെൻഡർ ഓഫീസിലേക്ക് വിളിച്ച് അറിയിച്ചിരുന്നു. പക്ഷേ ഈ കൺവെൻഷന്റെ നോട്ടീസോ മറ്റ് ഔദ്യോഗിക അറിയിപ്പോ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഏതൊക്കെ പെന്തക്കോസ്ത് പ്രസംഗകരാണ് ഈ തോന്ന്യാസത്തിന് പോകുന്നതെന്ന് വ്യക്തമല്ല. ആരായാലും ഈ തിൻമയെ എതിർക്കാതെ പറ്റില്ല.

അവിശ്വാസികളോട് സുവിശേഷം പ്രസംഗിക്കുന്നത് തെറ്റാണോ? ഒരിക്കലുമല്ല. സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുവാൻ കർത്താവായ യേശുക്രിസ്തു കല്പിച്ചിട്ടുണ്ടല്ലോ. അതുകൊണ്ട് സാക്ഷാൽ സാത്താൻ സഭക്കാരുടെ സഭയിൽ സുവിശേഷം പ്രസംഗിക്കാൻ അവസരം കിട്ടിയാലും അത് ഉപയോഗിക്കണം.

നാം സുവിശേഷം പ്രസംഗിക്കാൻ ചെല്ലുന്ന സ്ഥലങ്ങളിൽ എന്താണ് പ്രസംഗിക്കേണ്ടത്? ഒറ്റ വാക്കിൽ ഉത്തരം പറയാവുന്ന ചോദ്യമല്ല ഇത്. കുമ്പനാട്, തിരുവല്ല തുടങ്ങി സുവിശേഷം ഏറെ കേട്ടിട്ടുള്ള സ്ഥലങ്ങളിൽ സ്നാനം, വേർപാട്, വിശുദ്ധജീവിതം തുടങ്ങിയവയേക്കുറിച്ച് പ്രസംഗിക്കണം. പക്ഷേ സുവിശേഷം ഏറെയൊന്നും കേട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ യേശുവിലൂടെ സൗജന്യമായി ലഭിക്കുന്ന നിത്യരക്ഷയേക്കുറിച്ച് പറയണം. കരസ്മാറ്റിക് യോഗങ്ങളിൽ രക്ഷ, സ്നാനം, വേർപാട് തുടങ്ങിയവയേക്കുറിച്ച് പറയണം.

കെ.പി.യോഹന്നാനേപ്പോലുള്ളവരുടെ കാര്യം ഇതിൽ നിന്നെല്ലാം വ്യത്യസ്ഥമാണ്. കാരണം കെ.പി. യോഹന്നാൻ പിൻമാറ്റക്കാരനാണ്.

എന്താണ് പിൻമാറ്റക്കാരനുള്ള പ്രത്യേകത? വിശദീകരിക്കാം. രക്ഷിക്കപ്പെട്ടവരുമായി നമുക്ക് കൂട്ടും കൂട്ടായ്മയുമാകാം. രക്ഷിക്കപ്പെടാത്തവരുമായി കൂട്ടാകാം. കൂട്ടായ്മ പറ്റില്ല. എന്നാൽ പിൻമാറ്റക്കാരോട് കൂട്ടോ കൂട്ടായ്മയോ അരുത്. അവരോടുകൂടി ഭക്ഷണം കഴിക്കുകയോ കുശലം പറയുകയോ പോലും അരുത്.

കെ.പി.യോഹന്നാൻ ഐ.പി.സിയിലെ അംഗമായിരുന്നു. പിന്നീട് പെന്തക്കോസ്ത് ഉപദേശം തള്ളിക്കളയുകയും എപ്പിസ്ക്കോപ്പസി സ്വീകരിക്കുകയും ചെയ്തു. പെന്തക്കോസ്ത് വിശ്വാസപ്രമാണം സത്യമാണെന്ന് അംഗീകരിക്കുന്നവരായ പ്രസംഗകർക്ക് കെ.പി.യോഹന്നാന്റെ കൺവെൻഷനിൽ പ്രസംഗിക്കാൻ ആവാത്തത് ഈ കാരണത്താലത്രേ.

കെ.പി.യോഹന്നാന്റെ കൺവെൻഷന് പ്രസംഗിക്കാൻ പോകുന്ന പെന്തക്കോസ്ത് പ്രസംഗകർ എന്താകും പ്രസംഗിക്കുക? എങ്ങും തൊടാത്ത ഒരു പ്രസംഗം നടത്തി കൈമടക്കും വാങ്ങി പോരും. ഇതാണ് നടക്കാൻ പോകുന്നത്. ഈ പ്രസംഗകർ ആരും തന്നെ പൗരോഹിത്യത്തിന് എതിരായി വായ് തുറക്കുകയില്ല. കെ.പി.യോഹന്നാൻ പിൻമാറ്റക്കാരനാണെന്നും മടങ്ങിവരണമെന്നും പറയുകയില്ല.

ഈ പ്രസംഗകർ പെന്തക്കോസ്ത് കൺവെൻഷൻ സ്റ്റേജുകളിൽ നിന്ന് പൗരോഹിത്യത്തിനെതിരെ ഘോരഘോരം പ്രസംഗിക്കുന്നു. പക്ഷേ പൗരോഹിത്യത്തിന്റെ എല്ലാ തിൻമകളുടെയും വിളനിലമായ കെ.പി.യോഹന്നാന് ഓശാന പാടുകയും ചെയ്യും. ഒരു ഊണിനു വേണ്ടി ജ്യേഷ്ഠാവകാശം വിറ്റ ഏശാവ് ഇവരേക്കാൾ ശ്രേഷ്ഠനാണ്. അവൻ ജ്യേഷ്ഠാവകാശമല്ലേ വിറ്റുള്ളൂ. പക്ഷേ ഈ നീചൻമാർ പണത്തിനുവേണ്ടി ഉപദേശസത്യങ്ങളെ വിൽക്കുകയാണ്. ഇവനൊക്കെ ജനിക്കാതിരുന്നെങ്കിൽ നന്നായിരുന്നു.

പെന്തക്കോസ്ത് പ്രസംഗകരിൽ ഭൂരിപക്ഷത്തേയും ഡിഫെൻഡർ വിമർശിക്കാറുണ്ട്. ഈ പ്രസംഗകർ ദൈവദാസൻമാരല്ല എന്ന് ബോദ്ധ്യമുള്ളതുകൊണ്ടാണ് ഡിഫെൻഡർ ഇങ്ങനെ വിമർശിക്കുന്നത്. പക്ഷേ ദൈവദാസൻമാരെ ഡിഫെൻഡർ അവഹേളിച്ചു എന്നാണ് പൊതുവെ ആരോപണം ഉയരുക. ഡിഫെൻഡർ പറഞ്ഞതാണ് ശരി എന്ന് കാലം തെളിയിക്കും. തെളിയിച്ചുകൊണ്ടിരിക്കുന്നു.

ഏറ്റവും വലിയ പെന്തക്കോസ്ത് സഭയുടെ ഏറ്റവും വലിയ നേതാവ് നിലവിളക്ക് കൊളുത്തുന്നു. പൗരോഹിത്യത്തെ പരിഹസിച്ചു നടന്നവർ കെ.പി.യോഹന്നാൻ എന്ന വെഷപ്പിന്റെ കൈ മുത്തുന്നു. എ.ജിയുടെ നേതാവായ ചങ്ങാതി മാത്തിലമ്മയുടെ പ്രവചനം പ്രഘോഷിക്കുന്നു. കെ.സി.ജോൺ കള്ള ഡോക്ട്രേറ്റുവാങ്ങി ഞെളിഞ്ഞു നടക്കുന്നു. ഇവരൊക്കെ ദൈവദാസൻമാരാണ് എന്നു പറയുന്നവർക്ക് വചനപരിജ്ഞാനവും വകതിരിവും ഇല്ലെന്നു വ്യക്തം.

ആരൊക്കെയാണ് കെ.പി.യോഹന്നാന്റെ കൺവെൻഷനിൽ പ്രസംഗിക്കുക എന്ന് ഈ കുറിപ്പ് എഴുതുന്ന സമയത്ത് വ്യക്തമല്ല. അതുകൊണ്ട് ആരേയും പേരെടുത്തു പറഞ്ഞ് വിമർശിക്കുന്നില്ല. പക്ഷേ അടുത്ത ലക്കം ഡിഫെൻഡർ പുറത്തു വരുന്നതിനു മുൻപായി പ്രസംഗകർ ആരൊക്കെയായിരുന്നു എന്ന് വ്യക്തമാകും. അതിനുശേഷം ഡിഫെൻഡർ ചിലതൊക്കെ ചെയ്യും.

കെ.പി.യോഹന്നാന്റെ കൺവെൻഷന് പ്രസംഗിക്കാൻ പോകുന്ന പെന്തക്കോസ്ത് പ്രസംഗകരുടെ മുമ്പിൽ മൂന്നു വഴികളുണ്ട്.

1. പ്രോഗ്രാം ഉപേക്ഷിക്കുക.
2. യോഗത്തിൽ പങ്കെടുക്കുക. കെ.പി.യോഹന്നാൻ പിൻമാറ്റക്കാരനാണെന്നും വെഷപ്പും ആർച്ച് വെഷപ്പും മറ്റും ആയത് തെറ്റായി പോയെന്നും വ്യക്തമായ ഭാഷയിൽ പറയുക.
3. എങ്ങും തൊടാത്ത ഒരു പ്രസംഗം നടത്തിയിട്ട് കൈമടക്കും വാങ്ങി മടങ്ങും. (ഇതിൽ ഏത് നടക്കുമെന്ന് കണ്ടിട്ടാകട്ടെ ബാക്കി).

## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംക്ഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതു കൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്.ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്: **Ph: 0484-3232356. Mob: 9447414608**

# മോഷണായിയുടെ ലീലാവിലാസങ്ങൾ

മോഷണായിയുടെ പത്രത്തിന്റെ മാത്രം പ്രത്യേകതയായ ചില കാര്യങ്ങൾ ഇതാ:

## ചിത്രം വിചിത്രം

ചിത്രങ്ങളുടെ എണ്ണത്തിൽ മോഷണായിയുടെ പത്രത്തെ വെല്ലാൻ ആരുമില്ല. ജനുവരി ലക്കത്തിൽ 70 ചിത്രങ്ങൾ. മുൻലക്കങ്ങളിലും ഇതൊക്കെ ത്തന്നെയാണ് സ്ഥിതി. ഒരേ വ്യക്തിയുടെ രണ്ടും മൂന്നും ചിത്രങ്ങൾ കൊടുത്തെന്നും വരാം. എന്തിനാണ് ഇത്രയധികം ചിത്രങ്ങൾ കൊടുക്കുന്നത്? ഷൈൻ ചെയ്യാൻ. മോനായിയും മോനായിയുടെ പത്രത്തിലെ എഴുത്തുകാരും പത്രത്തിൽ ഫോട്ടോ അടിച്ചുവരുന്നത് കാണുന്നതിൽ താല്പര്യമുള്ളവരാണ്. അതുകൊണ്ട് പരമാവധി ഫോട്ടോകൾ ഓരോ ലക്കത്തിലും ചേർക്കുന്നു.

## ലേഖനം – പരസ്യം

ലേഖനം, പരസ്യം എന്നിവ തമ്മിൽ അഭേദ്യമായ ബന്ധമുള്ളതാണ് മോഷണായിയുടെ പത്രം. എവിടെ ലേഖനമുണ്ടോ അവിടെ പരസ്യവുമുണ്ട് എന്നു പറയാവുന്ന സ്ഥിതിയിലാണ് കാര്യങ്ങൾ. സംശയമുള്ളവർ ജനുവരി ലക്കം നോക്കുക.

സൂസൻ ബി.ജോണിന്റെ കവിതക്ക് അര പേജ് പരസ്യം. ജോ കുര്യന്റെ ലേഖനത്തിനും അരപ്പേജ് പരസ്യം. ടി.പിയുടെ ലേഖനത്തിന് കാൽപ്പേജ് പരസ്യം. ഇമ്മാനുവേലിന്റെ കാര്യവും മേല്പടി. ബാക്കിയുള്ളവയും ഇങ്ങനെ തന്നെ. സംഗതി ഒന്നാംതരം തന്നെ.

## ടി.പിക്കെന്താ ഇവിടെ കാര്യം?

ശാരോന്റെ സെക്രട്ടറിയായ ടി.പി.ഏബ്രഹാമിന്റെ ലേഖനങ്ങൾ വളരെ അപൂർവ്വമായേ പത്രങ്ങളിൽ കാണാറുള്ളൂ. പക്ഷേ മോഷണായിയുടെ പത്രത്തിൽ ടി.പിയുടെ ലേഖനവും ബൈബിൾ കോളേജിന്റെ പരസ്യവും പതിവായി കാണുന്നു. എന്താണാവോ ഇതിന്റെ ഗുട്ടൻസ്. ഒന്നാംതരം ആത്മീയനായ മോഷണായിയെ പ്രോത്സാഹിപ്പിച്ചുകളയാം എന്നു കരുതിയാണോ? അതോ മറ്റെന്തെങ്കിലും കാരണമാണോ? എന്തോ രഹസ്യം ഇതിന്റെ പിന്നിലുണ്ട് എന്ന് വ്യക്തം. അത് എന്താണെന്ന് ടി.പി തന്നെ പറയുകയാണ് നല്ലത്.

## എം.എസ്. മൈക്ക് വലിച്ചെറിഞ്ഞു

കുമ്പനാട് കൺവെൻഷനിൽ പ്രസംഗിക്കുന്നതിനിടയിൽ എം.എസ്.ശാമുവേൽ മൈക്ക് വലിച്ചെറിഞ്ഞു. എന്തിനാണ് ഈ വിശുദ്ധൻ ഇങ്ങനെ ചെയ്തത്? മൈക്ക് ശരിയായി പ്രവർത്തിക്കുന്നില്ല എന്നു പറഞ്ഞാണ് ഈ ഏറുപരിപാടി നടത്തിയത്.

സാം കുഴിക്കാല പാട്ടു പാടിയതിൽ പ്രതിഷേധിച്ച് മൈക്ക് സ്വയം പണിമുടക്ക് പ്രഖ്യാപിക്കുകയായിരുന്നു എന്ന് ചിലർ പറയുന്നു. പ്രതിശ്രുത ഐ.പി.സി പ്രസിഡന്റായ എം.എസ് ഷൈൻ ചെയ്യുന്നത് തടയാൻ കെ.സി.ജോൺ മൈക്ക് കേടാക്കിയതാണെന്ന് ഒരു കിംവദന്തിയുമുണ്ട്. ഏതായാലും മൈക്ക് കേടായി. എം.എസ് വിശുദ്ധ കോപം കൊണ്ട് നിറയുകയും മൈക്ക് വലിച്ചെറിയുകയും ചെയ്തു.

ഈ സംഭവവും മോഷണായിയുമായി എന്തു ബന്ധം എന്ന് ചോദിച്ചേക്കാം. ബന്ധമുണ്ട്. മോഷണായിയുടെ പത്രത്തിന്റെ മാനേജിംഗ് എഡിറ്ററാണ് എം.എസ്. ശാമുവേൽ. മോഷണായിയുമായുള്ള സംസർഗ്ഗം മൂലമാണ് എം.എസ് ഇത്ര അധഃപതിച്ചത് എന്നത്രേ ജനസംസാരം. ഏതായാലും ഈ കലാപരിപാടി മഹാമോശമായിപ്പോയി.

## ഒത്തുവാക്യമോ പ്രസംഗക്കുറിപ്പോ?

മോഷണായിയുടെ പത്രത്തിൽ സ്ഥിരമായി പ്രസംഗക്കുറിപ്പ് കൊടുക്കാറുണ്ട്. ജനുവരി ലക്കത്തിലെ കുറിപ്പ് ഇതാ:

ഫലങ്ങൾ: സത്യത്തിന്റെ ഫലം, വെളിച്ചത്തിന്റെ ഫലം, ആത്മാവിന്റെ ഫലം, വിശുദ്ധിയുടെ ഫലം, സമാധാന ഫലം. ഇവയ്ക്ക് ആധാരമായ വാക്യങ്ങളുമുണ്ട്. ഏതോ കൺകോഡൻസിൽ നിന്ന് ''ഫലം'' എന്ന വാക്ക് എടുത്തതാണെന്ന് വ്യക്തം. പെന്തക്കോസ്ത് പ്രസംഗം എത്രത്തോളം അധഃപതിച്ചു എന്നതിന്റെ തെളിവാണിത്. ഇതൊക്കെ സഹിക്കുന്ന വിശ്വാസികളെ സമ്മതിക്കണം.




# പിതാവും പുത്രനും കള്ളപ്രവചനം നടത്തുന്നു





2007ൽ എന്തു നടക്കുമെന്ന് ദിനകരനും മകനും പ്രവചിച്ചിരിക്കുന്നു. സ്വന്തം വെബ് സൈറ്റായ www.jesuscalls.orgൽ ഈ പ്രവചനങ്ങൾ കാണാം. ആർക്കും ഇടാവുന്ന കോട്ടുകളാണിവ. മാത്രമല്ല എങ്ങനെയും വ്യാഖ്യാനിച്ച് ഒപ്പിക്കാൻ കഴിയുന്നവയുമാണ് ഈ പ്രവചനങ്ങൾ. അതുകൊണ്ട് പ്രവചനം തെറ്റി എന്ന് ആർക്കും വാദിക്കാൻ സാധിക്കയുമില്ല. സാമാന്യ ബുദ്ധിയുള്ള ആർക്കും ഇത്തരം പ്രവചനം നടത്താൻ കഴിയും. യാതൊരു ദിവ്യസിദ്ധിയും ആവശ്യമില്ല.

**പ്രവചനം: ദിനകരൻ വഹ**

1. ലോകമെമ്പാടും കൂടുതൽ യുദ്ധങ്ങളുണ്ടാകും.
2. എങ്കിലും ഇന്ത്യയിൽ സമാധാനമുണ്ടായിരിക്കും.
3. എല്ലാ സഭകളും അഭിവൃദ്ധിപ്പെടും.
4. കേന്ദ്രസർക്കാരും എല്ലാ സംസ്ഥാന സർക്കാരുകളും സഭയ്ക്ക് സംരക്ഷണം നൽകുന്നതിൽ ശ്രദ്ധവയ്ക്കും.
5. കേന്ദ്രസർക്കാർ സ്വന്തം കാര്യക്ഷമത വർദ്ധിപ്പിക്കാൻ പരമാവധി ശ്രമിക്കും.
6. ദൈവമക്കൾക്ക് എല്ലാവിധ സമൃദ്ധിയുമുണ്ടാകും.
7. യു.എസ്.എ., യു.കെ. എന്നീ രാജ്യങ്ങൾക്ക് ദുഷ്ട ശക്തികളുടെ ആക്രമണത്തിൽ നിന്നും പ്രത്യേകം സംരക്ഷണം ലഭിക്കും.

(അമേരിക്കയ്ക്കും ഇംഗ്ലണ്ടിനും എന്നതാണ് പ്രത്യേകത എന്ന് ദിനകരൻ പറയുന്നില്ല).

**പ്രവചനം: പോൾ വഹ**

1. ദൈവജനത്തിന് സമൃദ്ധി ഉണ്ടാകും.
2. ലോകമെമ്പാടും നിരവധി അത്ഭുതങ്ങൾ നടക്കും.
3. ദൈവമക്കളെ ദൈവം ഉന്നത സ്ഥാനങ്ങളിലേക്ക് ഉയർത്തും.
4. അജ്ഞാതരായ ദൈവമക്കൾ ലോകരാജ്യങ്ങളുടെ നേതൃസ്ഥാനത്ത് എത്തും.
5. ശാസ്ത്രജ്ഞരും സ്പോർട്സ് താരങ്ങളും ദൈവമക്കളാകും.
6. ദൈവമക്കളും ദൈവദാസരും ബഹുമാനിക്കപ്പെടും.
7. ഇന്ത്യ അഭിവൃദ്ധി പ്രാപിക്കും.
8. ദൈവദാസൻമാർക്ക് ദീർഘായുസ്സ്, നല്ല ആരോഗ്യം, സംതൃപ്തി എന്നിവ ഉണ്ടാകും.
9. ദൈവമക്കൾക്കെതിരെയുള്ള അക്രമം വളരെ കുറവായിരിക്കും
10. അത്ഭുതങ്ങൾ കണ്ട് ഉന്നതർ ദൈവത്തിലേക്ക് തിരിയും. എല്ലാ മിനിസ്ട്രികൾക്കും വളരെ പണം ലഭിക്കും.

(ഈ പ്രവചനങ്ങളൊക്കെ വിശ്വസിക്കാനും ദിനകരനെയും മകനേയും ദൈവത്തിന്റെ പ്രവാചകരായി വാഴ്ത്താനും ആയിരങ്ങൾ തയ്യാറാകും. ദൈവമക്കൾക്കു സമൃദ്ധി ഉണ്ടായില്ലെങ്കിലും ദിനകരന്റെ സമ്പത്ത് വർദ്ധിക്കും).



# Quotes From Teachers of the Prosperity Doctrine

**Benny Hinn:**

"Poverty is from the devil and that God wants all Christians prosperous." (Benny Hinn, TBN, 11/6/90)

"Say after me, all of you, everybody say it, 'The wealth of the wicked is mine.' [The audience repeats.] One more time, (The audience repeats) One more time. (The audience repeats it again)" (Benny Hinn. Praise-a-Thon, TBN, April 1990)

"The Lord giveth and NEVER taketh away. And just because [Job] said, 'Blessed be the name of the Lord,' don't mean that he's right. When he said, 'Blessed be the name,' he was just being religious." (TBN, Nov., 1990).

I'm sick and tired of hearing about streets of gold. I don't need gold in Heaven, I gotta have it now. I mean, when I get to glory, all my bills will be paid, brother. I won't have bills in glory. I gotta have it here. You say, 'Well, Benny Hinn, isn't it woderful to have streets of gold in heaven?' Well, of course, but if I hear the thing one more time of how it will be and how it was, I'm gonna kick somebody" (Benny Hinn, "Praise the Lord". Nov 8th 1990. Audiotape.)

**Juanita Bynum:**

"Your miracle is attached to what's in your pocket right now! You're trying to hold on to it, but God sent me to tell you to, 'Let it go! Let it go!'" (Juanita Bynum, TBN, Fall Praise-A-Thon, November 1, 2004)

"God said, 'Pick up the phone right now!' He said, '1,000 persons, you are going to sow the $1,000 seed.' You got to! You got to tonight! There is a miracle on it! I know what I'm talking about! He brought me in here to tell you that!" (TBN, Fall Praise-A-Thon, November 1-04)

"Somebody right here in television land, God said, '$1,000.' You're sitting there saying, 'You know what? All I got is $1,000.' If that's all you got, oh Jesus! Then you got the miracle seed in your hand!" (TBN, Fall Praise-A-Thon, November 1, 2003)

"You need to send a thousand dollars. If you can't send a thousand, send five hundred...if all you have is a nickel, wrap it in tissue and put it in an envelope. If all you have is your clothes, send them." (TBN, Fall Praise-A-Thon, November 8, 2003)

"If all you have is $79.36, I double-dare you to empty your bank account. Close your account." (TBN, Fall Praise-A-Thon, November 8, 2003)

"If you want the power, you have to sow the seed." (TBN, Fall Praise-A-Thon, November 8, 2003)

"You've got three days to get that into your mailbox. I'm not afraid to say this. I am walking in my authority…if you don't postmark it by the tenth, we will not accept it. God says you have three days to get your thousand-dollar seed in the mail." (TBN, Fall Praise-A-Thon, November 8, 2003)

"Some of ya'll sitting there holding your wallet...God said, 'Give it to me! Give it to me! Give it to me! Show me how much you love me! Give it to me! I want to know if you're mine! If you're really mine. How come you can't hear me say, write the check?'" (TBN, Fall Praise-A-Thon, November 1, 2004)

**Bishop Neil Ellis**

"In ten months" there will be a revival, and "souls will be saved", but "in the midst of this there will be an economic revival". (Bishop Ellis, TBN, Sep 16th 2002)

He will pastor a church "That has to be, has to be, poverty free". This "has to happen". He added.. Because of the 'anointing', (His Emphasis).

"I am not supposed to be pastoring poor people". (He did add that God will send poor people to him but only so they get a release from poverty).

**Bishop Harold and Brenda Ray**

Our goal is as simple as it is strategic: To create wealth! And empower our people to steward that wealth for the purposes of the kingdom, the strengthening of their communities and for the economic well being of their children's children!

**Fred Price**

"Most employers at least have enough common decency about them that they don't ask somebody to work for them for free.... If a man has enough nicety about him to do that, can't you at least believe that the Father God is not asking you to serve Him for free either?" (D.L. McConnell p.170 )

The whole point is I'm trying to get you to see - to get you out of this malaise of thinking that Jesus and the disciples were poor and then relating that to you - thinking that you, as a child of God, have to follow Jesus. The Bible says that He has left us an example that we should follow His steps. That's the reason why I drive a Rolls Royce. I'm following Jesus' steps. Fred Price. (Ever Increasing Faith on Trinity Broadcasting Network, December 9, 1990.)

You can talk about me all you want while I'm driving by in my Rolls Royce that's paid for, and I got the pink slip on it. Talk all you want. Bad mouth all you want. Don't hurt me in the least. Doesn't bother me. It's a whole lot easier to be persecuted when I'm riding in my car and I got the pink slip than it is when I'm riding in a car and owe my soul to the company store. Fred Price. (Ever Increasing Faith program, TBN, March 29, 1992.)

"Yeah, God has pleasure in the prosperity. So he must have displeasure in the poverty. So if he does, then poverty couldn't be from God. Yeah, but Brother Price, but God allows it. God lets it happen. You're right, he does. He does, because you do. He can't do anything about it" (Ever Increasing Faith 11/16/90).

"The Bible says that He [Jesus] had a treasurer- a treasury they called it "the bag"); that they had one man who was the treasurer, named Judas Iscariot; and the rascal was stealing out of the bag for three-and-a-half years and nobody knew that he was stealing. You know why? Because there was so much in it, He couldn't tell. Nobody could tell that anything was missing. If He had three oranges in the bottom of the bag and he stole two of them, don't tell me He wouldn't know that some was missing. Beside that, if Jesus didn't have anything, what do you need a treasury for? A treasury is for surplus. It's not for that which you're spending. It's only for surplus- to hold it until you need to spend it. Therefore, He must have had a whole lot that needed to be held in advance that He wasn't spending. So He must have had more than He was living on." ("Ever Increasing Faith" . Nov.23, 1990)

**John Hagee**

"Jesus was not poor...Jesus had a nice house! John 1:38 says that Jesus turned to those that were following him and said, 'Come with me.' And they said, 'Where dwellest thou?' He said, 'Come and see.' And Jesus took that whole crowd home with Him to stay in His house. That meant it was a big house! Jesus wore fine clothes! John 19:23 says, 'He had a seamless robe.' Roman soldiers gambled for it at the foot of the cross. It was a designer original! It was valuable enough for them to want it!...And then there are christians that have a poverty complex that says, 'Well, I feel guilty about having nice things.' Jesus didn't!"(John Hagee, Praise-A-Thon, Trinity Broadcasting Network (TBN), November 5, 2004)

"The anointing will do these things, Luke 4:8 says, 'He has annointed me to preach the good news to the poor.' What's the good news to the poor? The good news to the poor is this, Christ took our poverty at the cross, and he gave you the riches of Abraham. Brother, that's enough to make a baptist get in the aisle and start dancing. If you have the anointing you don't have the curse of poverty."(John Hagee, Audio-clip, Bible Answer-man, February 25, 2004, Hank Hanegraaff)

"This book of the law shall not depart out of your mouth' [quoting Josh. 1:8 KJV]. That's the spoken Word of God. 'And then thou shalt prosper and have good success.' When? After you speak and act upon the Word of God. And you've been hearing that tonight out of the mouth of [well-known Faith teacher] John Avanzini."(John Hagee, Praise-A-Thon, Trinity Broadcasting Network (TBN), 4 Nov. 1992. )

"Poverty is caused by sin and disobeying the Word of God."(John Hagee, Praise-A-Thon, Trinity Broadcasting Network (TBN), 16 April, 1993)

"Poverty is a curse."(John Hagee, Praise-A-Thon, Trinity Broadcasting Network (TBN), 4 Nov, 1992.)

**John Avanzini**

"Jesus lived in great prosperity" (John Avanzini, Was Jesus Poor?, Believer's Voice of Victory, January, 1996, p. 8)

"The fact is, Jesus had a nice house." (John Avanzini, Was Jesus Poor?, Ibid., p. 9)

"Another thing you may not realize is that Jesus wore designer clothes...Why do you need to know that? Because until you know that Jesus was prosperous, you won't be either. You may have His kindness, you may have His gentleness, you may have all His other attributes, but you'll never have His prosperity." (John Avanzini, Was Jesus Poor?, Ibid., p. 8)

**Gloria Copeland (Kenneth Copeland's wife)**

"Give $10 and receive $1000; Give $1000 and receive $100,000 … give one house and receive one hundred houses or a house worth one hundred times as much. Give one airplane and receive one hundred times the value of the airplane. … In short, Mark 10:30 is a very good deal" (in her book God's Will Is Prosperity: p. 54).

**T.D. Jakes**

"Jakes, who drives a Mercedes, has moved with his wife and their five children to a luxurious seven-bedroom home with swimming pool in the White Rock Lake area of Dallas. He said the home cost more than $1 million. 'I do think we need some Christians who are in first class as well as coach,' Jakes said." (Jim Jones, "Rising-star evangelist ministers to interracial congregation," The Fort Worth Star Telegram, Aug.)

"Besides, Jakes says — during an interview and in his sermons — Jesus was a rich man. He had to have been, in order to have supported his disciples and their families during his ministry." (Kaylois Henry, "Bishop Jakes Is Ready. Are You?," The Dallas Observer magazine, June 20-26, 1996, pg. 22.)

Incidentally Jakes refers to an adulterous man as a "frightened little boy" and a wife beater as a "terrified little boy." (Jakes, Loose That Man, op. cit., pp. 123-124.)

**Robert Tilton**

"Being poor is a sin, when God promises prosperity. New house? New car? That's chicken feed. That's nothing compared to what God wants to do for you" (Charismatic Chaos, p. 285 quoted from a Trinity Broadcasting Network program in 1990).

**Jesse Duplantis**

(..speaking about Mark 4). Duplantis: This is the most important chapter in the Bible, in my opinion, because it deals with sowing and reaping…. Now notice this sower here. He sows 4 times. He sows verse 4, he sows 5, he sows verse7, he sows verse 8. This man here loses 75% of his seed! He loses verse 4, he loses verse 5, he loses verse 7. Now he gets blessed on verse 8, thank you Jesus! But he lost verse 4, verse 5, verse 7. I wonder how many you lost? Now the Lord told us to go into the world and preach the gospel to every creature, didn't He? It costs billions of dollars to do that, between the satellite communication hookup and everything! Everything! Well, how come we haven't done it yet? Because we've lost verse 4, we've lost verse 5, we've lost verse 7. Every once in a while we get blessed on verse 8. But just think if you got blessed 30, 60 or 100 fold on verse 4; 30, 60 or 100 fold on verse 5; 30, 60 or 100 fold on verse 7; 30, 60 or 100 fold on verse 8, look out Toronto! Now you could buy it. Because every time you give God $50, He gives you $5000. Every time you give Him $100, He gives you $10,000. Every time you give Him $1000, He gives you $100,000. Every time you give him $100,000, $10 million. Before you know it, that building is yours, because they will sell it for the right price. You pick the denomination, God picks the multiplication.

**Rod Parsley**

"I'm talkin' about your money. You know one of the greatest things that is going to happen in the year 2,000 were about to see the church rise up with a revelation that only this generation has ever been given of Gods word concerning high finances in the kingdom of God. And we are just about to see the greatest transfer of wealth out of the hand of the wicked into the hand of the just." (Rod Parsley. Jan.7,2000 Breakthrough).

**Creflo Dollar**

"Well, you need to hear about money, because you ain't gonna have no love and joy and peace until you get some money!" (Creflo Dollar, Praise the Lord, July 20, 1999)

**Marilyn Hickey:**

"What do you need? Start creating it. Start speaking about it. Start speaking it into being. Speak to your billfold. Say, "You big, thick billfold full of money." Speak to your checkbook. Say, "You, checkbook, you. You've never been so prosperous since I owned you. You're just jammed full of money." (Marilyn Hickey, "Claim Your Miracles" (Denver: Marilyn Hickey Ministries, n.d., audiotape #186, side 2)

# വിശ്വാസ പ്രസ്ഥാനവും ചില വസ്തുതകളും

ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകത്തിൽ നിന്ന് എടുത്തതാണ് ഈ ലേഖനം.

**വി**ശ്വാസപ്രസ്ഥാന ഗുരുക്കന്മാരുടെ നിര വളരെ വലുതാണെങ്കിലും മറ്റെല്ലാ പ്രസ്ഥാനങ്ങളെയും പോലെ തന്നെ അതിനും സ്ഥാപകരും താരനിരകളും ഉണ്ട്.

**എസെക് വില്യം കെന്യോൺ**

വിശ്വാസ പ്രസ്ഥാനത്തെ ആശ്ലേഷിക്കുന്ന ഏതൊരു വ്യക്തിയോടും അതിന്റെ പിതാവ് ആരെന്നു ചോദിച്ചാൽ വ്യക്തമായും ലഭിക്കുന്ന ഉത്തരം ഡാഡ് ഹാഗിൻ എന്നായിരിക്കും. എവിടെ ആണ് അതിന്റെ ആരംഭം എന്നു ചോദിച്ചാൽ അത് പെന്തക്കോസ്തു കാരിസ്മാറ്റിക് പ്രസ്ഥാനത്തിൽ നിന്നാണ് എന്ന് അയാൾ പറഞ്ഞേക്കാം. എന്നാൽ ഇന്നത്തെ വിശ്വാസ പ്രസ്ഥാനത്തിന്റെ പിതാവ് വാസ്തവത്തിൽ എസെക് വില്യം കെന്യോൺ ആണ്. ഡാഡ് ഹാഗിൻ അതിന്റെ പ്രചാരകൻ മാത്രമായിരുന്നു എന്നതാണു സത്യം.

1867 ഏപ്രിൽ 24-ാം തീയതി ജനിച്ച ഇ.ഡബ്ല്യൂ. കെന്യോൺ തന്റെ പരസ്യ ശുശ്രൂഷ ആരംഭിച്ചത് മെഥേഡിസ്റ്റ് സഭയിലാണ്. 1900 ന്റെ ആരംഭത്തിൽ ബഥേൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് അദ്ദേഹം സ്ഥാപിച്ചു. എന്നാൽ 1923 ൽ അതിന്റെ സുപ്രണ്ട് ആയിരിക്കെ ചില വിവാദങ്ങളെ തുടർന്ന് ആ സ്ഥാനം അദ്ദേഹം രാജിവെച്ചു. മത സംബന്ധിയായ പ്രക്ഷേപണങ്ങളുടെ ആദ്യ സംരംഭമായി 'കെന്യോൺസ് ചർച്ച് ഓഫ് എയർ' എന്ന പേരിൽ ഒരു റേഡിയോ പരിപാടി 1903-ൽ അദ്ദേഹം ആരംഭിച്ചു. തന്റെ പൈതൃകമായി മാറിയ പുസ്തകങ്ങളുടെ രചനയ്ക്ക് ആധാരമായി തീർന്നത് ഈ പ്രക്ഷേപണങ്ങൾക്ക് ഉപയോഗിച്ച ടേപ്പുകളിലെ ആശയങ്ങൾ ആയിരുന്നു. ഇന്നത്തെ വിശ്വാസ പ്രസ്ഥാന ഗുരുക്കന്മാർ ഉപയോഗിക്കുന്ന "ഞാൻ എന്തു വിശ്വസിക്കുന്നുവോ അത് എനിക്കു സ്വന്തമാണ്" എന്നു തുടങ്ങിയ പല പ്രയോഗങ്ങളും ഉപയോഗത്തിൽ കൊണ്ടു വന്നത് കെന്യോൺ തന്നെയാണ്.

നവീന ആത്മതത്വജ്ഞാന ചിന്താഗതി കെന്യോണിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ദൃക്സാക്ഷികളിൽ നിന്നും മറ്റു ബാഹ്യ ഉറവിടങ്ങളിൽ നിന്നും അദ്ദേഹത്തിന്റെ തന്നെ കൃതികളിൽ നിന്നും ലഭിക്കുന്ന തെളിവുകൾ അദ്ദേഹത്തിന്റെ കൾട്ടിക് ബന്ധത്തെ തെളിയിക്കുന്നു. കൾട്ടിക് പ്രസ്ഥാനമായ വിശ്വാസ പ്രസ്ഥാനത്തിന്റെ ഉത്ഭവം കെന്യോനിലൂടെ ആണ്. എന്നാൽ ആത്മ തത്വജ്ഞാന ചിന്താഗതിയുടെ പ്രചോദന കേന്ദ്രമായ എമേഴ്സൺ കോളെജ് ഓഫ് ഒറേറ്ററിയിൽ കെന്യോൺ പോയിരുന്നു.

പെന്തക്കോസ്തു മണ്ഡലത്തിലെ കെന്യോന്റെ സ്വാധീനം കെന്നത്ത് ഹാഗിനിൽ മാത്രം ഒതുങ്ങി നില്ക്കുന്നത് ആയിരുന്നില്ല. വില്യം ബ്രൺഹാം, ടി. എൽ. ഓസ്ബോൺ തുടങ്ങിയ യുദ്ധാനന്തര ഉണർവ്വു പ്രസംഗകർ കെന്യോന്റെ രചനകൾ ധാരാളമായി വായിക്കുകയും ഉദ്ധരിക്കുകയും ചെയ്തിരുന്നു. എഫ്.എഫ്. ബോസ്വർത്ത് എയ്മീ സെമ്പിൾ മെക്ഫേഴ്സൺ തുടങ്ങിയ പെന്തക്കോസ്തു നേതാക്കന്മാരുടെ മീറ്റിംഗുകളിൽ കെന്യോൺ പങ്കെടുക്കുകയും ചെയ്തിരുന്നു.

ഇന്നത്തെ അധാർമ്മികരായ വിശ്വാസ പ്രസ്ഥാന ഉപദേശകരേക്കാൾ മിതമായ നിലയിൽ ആയിരുന്നു എങ്കിലും അപഹാസ്യവും ദൈവദൂഷണ പരവുമായ ചിന്താഗതികൾ കെന്യോൺ തന്റെ ജീവിത കാലം മുഴുവൻ പ്രചരിപ്പിച്ചിരുന്നു. ഉദാഹരണത്തിന് യേശുവിന്റെ ശാരീരിക മരണം പാപപരിഹാരത്തിന് മതിയായത് ആയിരുന്നു എങ്കിൽ ഓരോ ക്രിസ്ത്യാനിക്കും തന്റെ മരണം കൊണ്ട് പാപ മോചനം പ്രാപിക്കുവാൻ കഴിയും എന്ന് കെന്യോൺ പറഞ്ഞു. യേശു ക്രിസ്തുവിന്റെ ശാരീരിക മരണം പാപ പരിഹാര പ്രശ്നത്തെ സ്പർശിക്കുന്നുപോലുമില്ല എന്ന് വാസ്തവത്തിൽ കെന്യോൺ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ തന്നെ വാക്കുകൾ ശ്രദ്ധിക്കൂ.

"ചിലർ അവകാശപ്പെടുന്നതുപോലെ യേശുവിന്റെ ശാരീരിക മരണം പാപത്തിനു പരിഹാരമായി എങ്കിൽ എന്തു കൊണ്ടാണ് ഓരോ ക്രിസ്ത്യാനിയും മരിക്കേണ്ടിവരുന്നത്? ഒരു ക്രിസ്ത്യാനി ശാരീരികമായി മരിക്കുമ്പോൾ അവന്റെ പാപത്തിനുള്ള പ്രയശ്ചിത്ത വില അവൻ കൊടുക്കയല്ലേ ചെയ്യുന്നത്? ശാരീരിക മരണമാണ് പാപപരിഹാരത്തിനുള്ള പിഴയെങ്കിൽ എന്തുകൊണ്ട് മനുഷ്യകുലത്തിനു മുഴുവൻ തങ്ങളുടെ മരണത്തിലൂടെ പിഴയൊടുക്കി സ്വയം രക്ഷപ്പെട്ടുകൂടാ? യേശു ക്രിസ്തുവിന്റെ ശാരീരിക മരണം പാപപരിഹാരം എന്ന വിഷയത്തെ സ്പർശിക്കുന്നതുപോലുമില്ല എന്നാണ് ഞങ്ങൾ കരുതുന്നത്. "

അത്യന്തം ദൈവദൂഷണപരമായ മേൽവിവരിച്ച ഉദ്ധരണിയെ കടത്തി വെട്ടുന്നതരത്തിൽ കെന്യോൺ പലപ്പോഴും എഴുതിയിട്ടുണ്ട്. ഉദാഹരണമായി ദ ഫാദർ ആന്റ് ഹിസ് ഫാമിലി എന്ന തന്റെ പുസ്തകത്തിൽ വീണ്ടും ജനനം പ്രാപിച്ച ഓരോ വ്യക്തിയും നസറായനായ യേശുവിനെപ്പോലെ തന്നെ ഒരു അവതാരം ആണെന്നും ക്രിസ്ത്യാനിത്വം ഒരു അത്ഭുതം ആണെന്നും പ്രസ്താവിക്കുന്നു.

**കെന്നത്ത് ഹാഗിൻ**

ഒരു വലിയ അളവുവരെ കെന്യോന്റെ രചനകൾക്ക് പരസ്യം നൽകുകയും പ്രചരിപ്പിക്കുകയും മാത്രമാണ് ഹാഗിൻ ചെയ്തത്. കെന്യോന്റെ കൃതികളെ ക്കുറിച്ച് യാതൊരു മുൻപരിചയവും ഇല്ലാതിരുന്നപ്പോൾ പരിശുദ്ധാത്മാവ് തനിക്ക് അതേ വാക്കുകൾതന്നെ നല്കി എന്നു പറഞ്ഞുകൊണ്ട് ഇതിനെതിരെ ഹാഗിൻ പ്രതികരിക്കുന്നു. ഈ അവകാശവാദത്തിന് എതിരെ വ്യക്തവും ശക്തവുമായ തെളിവുകൾ ഉണ്ടെങ്കിലും ഹാഗിൻ ഇപ്രകാരം തന്റെ വാക്കുകളിൽ ഉറച്ചു നില്ക്കുന്നു.

എന്റെ ശുശ്രൂഷയിൽ കെന്യോന്റെ സ്വാധീനം നിസ്സാരമാണ്. യേശുവിന്റെ നാമത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠിപ്പിക്കലിനു മാത്രമേ എന്റെ ദൈവ ശാസ്ത്രവുമായി കാര്യമായ ബന്ധമുള്ളു. ആത്മതത്വജ്ഞാന വിഷയം കെന്യോൺ വഴി എന്നിൽ എന്തെങ്കിലും സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന ആരോപണം ഞാൻ പൂർണ്ണമായി നിഷേധിക്കുന്നു. ക്രിസ്ത്യൻ സയൻസ് അല്ല ക്രിസ്ത്യൻ ആശയം ആണ് ഞാൻ പഠിപ്പിക്കുന്നത്.

ഹാഗിന്റെ കുപ്രസിദ്ധമായ ദർശന കഥകളിൽ ഒന്ന് ഒരു കുരങ്ങുമായി ബന്ധപ്പെട്ടതാണ്. ഭൂതങ്ങളെ പുറത്താക്കുന്നതിനെ സംബന്ധിച്ച് ഹാഗിനും യേശുവും തമ്മിൽ നടത്തിയതായി പറയപ്പെടുന്ന സംസാരത്തോടെ ആണ് കഥ ആരംഭിക്കുന്നത്. സംസാരം ആരംഭിച്ച ഉടനെ യാക്, യാക് എന്ന ശബ്ദമുണ്ടാക്കിക്കൊണ്ടു ഒരു ദുരാത്മ കുരങ്ങ് അവരുടെ നടുവിലേക്ക് ചാടിവീണു.

കുറച്ചു സമയത്തിനു ശേഷം യേശുവിന്റെ നാമത്തിൽ വായടക്കൂ എന്നു കുരങ്ങിനോട് പറഞ്ഞുകൊണ്ട് ഹാഗിൻ സാഹചര്യം നിയന്ത്രണാധീനമാക്കി. യേശുവിന് ആശ്വാസമായി മാത്രമല്ല, 'ഇക്കാര്യത്തിൽ നീ എന്തെങ്കിലും ചെയ്തില്ലായിരുന്നു എങ്കിൽ എനിക്ക് ഒന്നിനും കഴിയുമായിരുന്നില്ല.' എന്നു യേശു ഹാഗിനോടു പറയുകയും ചെയ്തു. യേശുവിന്റെ ഈ വാക്കുകൾ കേട്ട് ഹാഗിൻ ഞെട്ടിപ്പോയി. തന്റെ വാക്കുകളിൽ യേശു ഇടറിപ്പോയി എന്നും എനിക്കു കഴിയുമായിരുന്നില്ല എന്നല്ല ഞാൻ ഒന്നും ചെയ്യുമായിരുന്നില്ല എന്നായിരുന്നു പറയേണ്ടിയിരുന്നത് എന്നും ഹാഗിൻ ഉടനെ യേശുവിനോട് പറഞ്ഞു. തനിക്കു തെറ്റു പറ്റിയില്ല എന്ന് ശാന്തമായി യേശു മറുപടി പറഞ്ഞു. എന്നാൽ ഹാഗിന് അതു വിശ്വാസമായില്ല. അതുകൊണ്ട് തിരുവചനത്തിൽ നിന്നുള്ള രണ്ടോ മൂന്നോ തെളിവുകൾ വേണമെന്ന് ഹാഗിൻ യേശുവിനോട് പറഞ്ഞു. നിന്റെ ദൈവശാസ്ത്രം ചിലപ്പോൾ തിരുത്തിക്കുറിക്കേണ്ടി വരും എന്നു പറഞ്ഞുകൊണ്ട് യേശു പുഞ്ചിരി തൂകുകയും മൂന്നിനു പകരം നാലു വേദഭാഗങ്ങൾ നൽകുകയും ചെയ്തു.

ഒറ്റനോട്ടത്തിൽ തന്നെ ഈ ദർശനത്തിലൂടെ ആത്മീയ യുദ്ധത്തിന്റെ ചില വിശദാംശങ്ങൾ യേശു നേരിട്ട് ഹാഗിനു പറഞ്ഞുകൊടുക്കുന്നതായി മനസ്സിലാക്കാം. എന്നാൽ താൻ പ്രസംഗിക്കുന്ന കാര്യം സ്വയം പ്രാവർത്തികമാക്കുവാൻ യേശുവിനു കഴിയുന്നില്ല എന്നത് ഈ കഥയിലെ വിരോധാഭാസമായിരിക്കുന്നു. വാസ്തവത്തിൽ ഹാഗിന്റെ അഭാവത്തിൽ ആ ദുരാത്മകുരങ്ങിനു മുമ്പിൽ യേശു ശക്തിഹീനൻ ആയിരുന്നതായി കാണാം.

തന്റെ സ്വയ സമ്മതം ഉൾപ്പെടെയുള്ള രേഖകൾ അനുസരിച്ച് 1937-ൽ ബാപ്റ്റിസ്റ്റ് സഭ ഹാഗിനെ മുടക്കിയിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ സ്വാധീന വലയം അത്ഭുതകരമായിരുന്നു. ഇന്നത്തെ എണ്ണപ്പെട്ട ഓരോ വിശ്വാസ പ്രസ്ഥാന ഉപദേശകനിലും ഹാഗിന്റെ വലിയ സ്വാധീനം കാണാം. കെന്നത്ത് കോപ്ലാന്റ്, ചാൾസ് ക്യാപ്സ്, ഫ്രെഡറിക് കെ. സി. പ്രൈസ് എന്നിവർ ഹാഗിന്റെ ശിഷ്യഗണത്തിൽ പെടുന്നു. അതെക്കുറിച്ച് കെന്നത്ത് ഹാഗിൻ ജൂനിയർ ഇങ്ങനെ എഴുതുന്നു.

'മറ്റുള്ളവരുടെ ആരംഭം എന്റെ ഡാഡിയുടെ ശുശ്രൂഷയിലൂടെയാണ്. അവർ അത് സമ്മതിക്കുകയും ചെയ്യും. അദ്ദേഹത്തിന്റെ ടേപ്പുചെയ്യപ്പെട്ട പ്രസംഗങ്ങൾ അവർ അതേപടി പ്രസംഗിച്ചിട്ടുണ്ട്. കെന്നത്ത് കോപ്ലാന്റ് അതു ചെയ്തിട്ടുണ്ട്."

ഉദ്ദേശം പതിനാറായിരത്തിനും പതിനേഴായിരത്തിനും ഇടയ്ക്ക് ഡോളർ വിലയുള്ള ഒരു വിമാനം കെന്നത്ത് കോപ്ലാന്റ് ഡാഡ് ഗാഹിനു നൽകി. പിന്നീട് ഹാഗിൻ അത് ജെറി സാവല്ലെക്കു കൈമാറി. വിശ്വാസ സഭകളുടേയും ശുശ്രൂഷകരുടേയും ഒരു അന്തർദേശീയ കൺവൻഷൻ സംഘടിപ്പിക്കുവാൻ ഹാഗിൻ തന്റെ മകളുടെ ഭർത്താവായ ഡോയൽ ബഡ്ഡി ഹാരിസണെ സഹായിക്കുകയും ചെയ്തു. ഈ സമ്മേളനത്തിൽ ചാൾസ് ക്യാപ്സ്, ബെന്നിഹീൻ എന്നിവർക്ക് ഓർഡിനേഷൻ നൽകുകയുണ്ടായി.

ഹാഗിന്റെ പരിപാടികൾ ഉദ്ദേശം 249 റേഡിയോ സ്റ്റേഷനുകളിലൂടെ ഇപ്പോൾ പ്രക്ഷേപണം ചെയ്യപ്പെടുന്നു. ഒക്‌ലഹോമയിലെ ടുൾസായിലുള്ള അദ്ദേഹത്തിന്റെ റീമാ ബൈബിൾ ട്രെയിനിംഗ് സെന്റർ നിരവധി ബിരുദധാരികളെ വാർത്തെടുക്കുന്നു. ഹാഗിന്റെ വേഡ് ഓഫ് ഫെയ്ത്ത് മാസികയുടെ കണക്ക് അനുസരിച്ച് 1992ൽ മാത്രം 777 ബിരുദധാരികൾ റീമയിൽ നിന്നു പുറത്തിറങ്ങി. ഇതോടെ 1974-ൽ സ്ക്കൂൾ ആരംഭിച്ചതിനു ശേഷം ബിരുദം സമ്പാദിച്ചവരുടെ മൊത്ത സംഖ്യ 12000ൽ അധികമായി. ഇവരിൽ പോളിന്റെയും നിക്കിയുടെയും കാര്യം എടുത്തു പറഞ്ഞിരുന്നു. കാരണം റീമയിൽ നിന്ന് ബിരുദം സമ്പാദിച്ച ആദ്യത്തെ റഷ്യാക്കാർ ആയിരുന്നു അവർ. തങ്ങളുടെ നാട്ടിൽ ഹാഗിന്റെ ദുരുപദേശം പ്രചരിപ്പിക്കേണ്ടത് അവരുടെ ചുമതല ആയിരുന്നു. നേരിട്ടുള്ള ക്ലാസ്സുകൾക്ക് പുറമെ കറസ്പോണ്ടൻസ് കോഴ്സും റീമാ നടത്തിയിരുന്നു. ആദ്യ 12 വർഷങ്ങൾക്കുള്ളിൽ ഇതുവഴി 16000 വിദ്യാർത്ഥികൾ പരിശീലനം നേടിയത്രേ.

(തുടരും)





**ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകം ഇപ്പോൾ മലയാളത്തിൽ ലഭിക്കുന്നു.**

**പുസ്തകം ആവശ്യമുള്ളവർ ബന്ധപ്പെടുക.**

വിലാസം:

K.P.Varghese,
Bethel, Njalbhagam, Kaviyoor P.O.
Thiruvalla, Pattabamthitta - 689582
**Ph: 0469-2618764, Mob: 9446505463**

RNI No. 68089 / 97
2007 February 1

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# ടി.ജെ.ശാമുവേലിന് തെറ്റിയതെവിടെ?

അസംബ്ലീസ് ഓഫ് ഗോഡിന്റെ പ്രമുഖ നേതാക്കളിൽ ഒരാളായ ടി.ജെ.ശാമുവേൽ ദുരാത്മാവിന്റെ പിടിയിലാണ്. ഒരു സാധാരണ വ്യക്തിയെ ദുരാത്മാവ് ബാധിച്ചാൽ അയാളുടെ കുടുംബക്കാർക്കു മാത്രമേ ബുദ്ധിമുട്ടുണ്ടാകൂ. പക്ഷേ സഭയുടെ നേതാവിനെ ഭൂതം ബാധിച്ചാൽ ആയിരക്കണക്കിന് വിശ്വാസികൾ അതിന്റെ ഫലം അനുഭവിക്കേണ്ടതായി വരും. ടി.ജെ.ശാമുവേലിനുണ്ടായിരിക്കുന്ന ഭൂതബാധ നിമിത്തം എ.ജിയിലെ സാധാരണക്കാരായ പാസ്റ്റർമാരും വിശ്വാസികളും കഷ്ടത്തിലായിരിക്കയാണ്.

എന്താണ് ടി.ജെ.ശാമുവേലിന് പറ്റിയത്? പറയാം. ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു വളർന്ന ടി.ജെ.ശാമുവേൽ ഉപജീവനത്തിനുള്ള ഒരു വഴി എന്ന നിലയ്ക്ക് സുവിശേഷവേല തിരഞ്ഞെടുത്തു. ആദ്യ കാലങ്ങളിൽ വലിയ കുഴപ്പങ്ങളൊന്നും കൂടാതെ കഴിയുകയും ചെയ്തു.

പ്രസംഗിക്കാനുള്ള കഴിവ് ജൻമസിദ്ധമായി ഉണ്ടായിരുന്നതുകൊണ്ട് അറിയപ്പെടുന്ന ഒരു പ്രസംഗകനാകാൻ ടി.ജെക്ക് അധികം കാലം വേണ്ടിവന്നില്ല. അതോടെ സാമ്പത്തിക ബുദ്ധിമുട്ടും മാറി. അല്പന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രിക്ക് കുട പിടിക്കും എന്ന ചൊല്ല് അന്വർത്ഥമായി. ടി.ജെ.ശാമുവേൽ ഇമ്മിണി വല്യ ഒരു കുട വാങ്ങി, അർദ്ധരാത്രിക്കു മാത്രമല്ല കക്കൂസിൽ വരെ പിടിക്കാൻ തുടങ്ങി. മുകളിൽ പുല്ല് കിളിർത്തു നിന്ന പുരയുടെ സ്ഥാനത്ത് കൊട്ടാരസമാനമായ വീടുണ്ടാക്കി. കണ്ഠത്തിൽ കൗപീനം കെട്ടി സായിപ്പായി. അഹങ്കാരം കൊണ്ട് നട്ടെല്ല് ഞെളിഞ്ഞു. നടക്കുമ്പോൾ പോലും നോട്ടം ആകാശത്തു മാത്രമായി. ഉലകം തന്റെ കാൽക്കീഴിൽ കിടന്നു കറങ്ങുന്നതു കണ്ട് ഊറി ചിരിച്ചു. അതിനിടയിൽ ടി.ജെ.ശാമുവേൽ എ.ജിയുടെ സൂപ്രണ്ടുമായി. പിന്നെ എന്തു നടന്നു എന്ന് ഏവർക്കും അറിയാമല്ലോ. അഹങ്കാരത്തിന് കൈയ്യും കാലും വെച്ചാൽ എന്തോ അതാണ് ഇന്നത്തെ ടി.ജെ.ശാമുവേൽ.



സൂപ്രണ്ടിന്റെ കസേരയിൽ എന്നെന്നും ഇരിക്കാമെന്ന കണക്കുകൂട്ടൽ ഇടയ്ക്കൊന്നു പിഴച്ചു. ടി.ജെയെ അട്ടി മറിച്ചുകൊണ്ട് പി.എസ്.ഫിലിപ്പ് സൂപ്രണ്ടായി. അതോടെ ടി.ജെ.ശാമുവേൽ സർവ്വസംഗ പരിത്യാഗിയുടെ വേഷം കെട്ടി. കണ്ഠകൗപീനമൊക്കെ മാറ്റി ലളിതവസ്ത്രം ധരിച്ചു. അധികാരക്കസേര ഇച്ചീച്ചിയാണെന്നും 'ഈശ്വരചിന്ത ഇതൊന്നേ മനുജന് ശാശ്വതം ഈ ഉലകിൽ' എന്നും പ്രഖ്യാപിച്ചു. മുന്തിരിങ്ങയുടെ പുളി എത്ര കഠിനമാണെന്ന് നാഴികയ്ക്ക് നാല്പതു വട്ടം പറഞ്ഞു.

ആയിടയ്ക്കാണ് ടി.ജെയ്ക്ക് ഒരു ഉഗ്രൻ വെളിച്ചപ്പാട് ഉണ്ടായത്. എ.ഡി. 2020 ആകുമ്പോഴേക്കും ഇന്ത്യ ഒരു ക്രിസ്ത്യൻ രാഷ്ട്രമാകും. അതുകൊണ്ട് സഭാരാഷ്ട്രീയമൊക്കെ വിട്ട് എല്ലാവരും ഉണർവ്വിനായി ഒരുങ്ങണം. ഇതും പ്രസംഗിച്ച് ചില വർഷങ്ങൾ നടന്നിട്ടും ആരും മൈന്റ് ചെയ്തില്ല. പക്ഷേ പി.എസ്.ഫിലിപ്പിന്റെ കഴിവുകേടിൽ മനം നൊന്ത ജനം മറ്റൊരു പോംവഴിയുമില്ലാതെ ടി.ജെ.ശാമുവേലിനെ വീണ്ടും സൂപ്രണ്ടാക്കി.

ഇത്തവണ ടി.ജെ ബുദ്ധിപൂർവ്വം പ്രവർത്തിച്ചു. ആർക്കും വേണ്ടാതെ കിടന്ന വെളിച്ചപ്പാട് പൊടിതട്ടി എടുത്തു. സൂപ്രണ്ട് എന്ന അധികാരം ഉപയോഗിച്ച് തന്റെ ദിവ്യദർശനം എ.ജിയുടെ ഔദ്യോഗിക നിലപാടാക്കി അവതരിപ്പിച്ചു. എ.ജിയിലെ വിഡ്ഢികൾ ടി.ജെയുടെ കള്ളപ്രവചനം വേദവാക്യമായി അംഗീകരിച്ചു.

മോങ്ങാനിരുന്ന നായുടെ തലയിൽ തേങ്ങാ വീണു എന്നു പറഞ്ഞതുപോലെ ഒരു സംഭവം ഇതിനിടയിൽ ഉണ്ടായി. ടി.ജെയ്ക്ക് ലഭിച്ചതുപോലെ ഒരു വെളിച്ചപ്പാട് ഒരു മഠത്തിലമ്മക്കും ഉണ്ടായി. (ആനന്ദലബ്ധിക്കിനി എന്തുവേണം.) സന്തോഷം കൊണ്ട് ടി.ജെ. തുള്ളിച്ചാടി. മഠത്തിലമ്മയെ എ.ജി. കൺവെൻഷന് കെട്ടി എഴുന്നെള്ളിച്ച് കൊണ്ടുവന്നു. മഠത്തിലമ്മയുടെ പ്രസംഗവും പ്രവചനവും മറ്റും കേട്ട് എ.ജിയിലെ സകല വിഡ്ഢികളും ആത്മാവിലായി. വലിയ അനുതാപവും കരച്ചിലും ഒക്കെ ആയിരുന്നു എന്നാണ് കേട്ടത്.

ദൈവത്തെ പരിജ്ഞാനത്തിൽ ധരിക്കുവാൻ മനസ്സില്ലാത്തവരെ ഉചിതമല്ലാത്തതു ചെയ്യാൻ ദൈവം നികൃഷ്ട ബുദ്ധിക്ക് ഏല്പിക്കും. ദൈവവചനമായ ബൈബിൾ ദൈവം നമുക്ക് നൽകിയിട്ടുണ്ട്. നമ്മുടെ വിശ്വാസത്തിനും ജീവിതത്തിനും ആവശ്യമായതെല്ലാം ബൈബിളിലുണ്ട്. പക്ഷേ ദൈവം വെച്ച ഈ അതിരിനുള്ളിൽ നിൽക്കാൻ ചിലർ തയ്യാറല്ല. ഇത്തരക്കാർക്ക് പ്രവചനവും അത്ഭുതവും മറ്റും കൂടിയേ കഴിയൂ. ഇത്തരക്കാരെ ദൈവം നികൃഷ്ട ബുദ്ധിക്ക് ഏല്പിക്കും. അതോടെ കള്ളപ്രവചനം വിശ്വസിക്കാനും വ്യാജ അത്ഭുതങ്ങൾ അംഗീകരിക്കാനും ഇവർക്ക് ഇടവരുന്നു. ടി.ജോ.ശാമുവേലിനേയും ഇയാളുടെ വെളിച്ചപ്പാട് അംഗീകരിച്ച എ.ജി അംഗങ്ങളേയും ദൈവം നികൃഷ്ടബുദ്ധിക്ക് ഏല്പിച്ചിരിക്കയാണ്.



## നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

### വിഷയവിവരം:

| C.D. 1 - അടിസ്ഥാന വേദോപദേശങ്ങൾ | C.D. 2 - കൾട്ടുകൾ | C.D. 3 - ആത്മലോകം | C.D. 4 - ദുരുപദേശങ്ങൾ | C.D. 5 - ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |

| C.D. 6 - വ്യാഖ്യാനശാസ്ത്രം | C.D. 7 - ഭാവികാലശാസ്ത്രം | C.D. 8 - ബൈബിളിൽ തെറ്റുണ്ടോ? | C.D. 9 - ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | C.D. 10 - ധാർമ്മിക പ്രശ്നങ്ങൾ |
|---|---|---|---|---|
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

MP3 ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.
ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം: 100 മണിക്കൂർ.
വില: (ഇന്ത്യയിൽ) ഒരു സി.ഡി. – 100 രൂപ. 10 സി.ഡികൾ: 900 രൂപ.
വിദേശത്ത്: 10 സി.ഡികൾ – US$ 50 or Rs. 2000/- പോസ്റ്റേജ് സൗജന്യം.
(ഗൾഫിലേക്ക് സി.ഡി അയയ്ക്കുന്നത് സുരക്ഷിതമല്ല. അതുകൊണ്ട് ഗൾഫിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയക്കുക).
DVD ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എടുത്ത് പറയേണ്ടതാണ്.
വില T.S.Balan എന്ന പേരിൽ ഡി.ഡി./ചെക്ക്/മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

ഇപ്പോൾ DVD MP3 AUDIO ലഭിക്കുന്നു

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan